# അദ്ധ്യായം 3
# പ്രബോധനം

### പൗലൊസിനും സഹപ്രവർത്തകർക്കും വേണ്ടി പ്രാർത്ഥിപ്പാനുള്ള അപേക്ഷ (3:1, 2)

**[1]ഒടുവിൽ സഹോദരന്മാരേ, കർത്താവിന്റെ വചനം നിങ്ങളുടെ അടുക്കൽ എത്തിയതുപോലെ വേഗം വ്യാപിച്ചു മഹത്വപ്പെടുവാനും [2]വല്ലാത്തവരും ദുഷ്ടരുമായ മനുഷ്യരുടെ കയ്യിൽനിന്നു ഞങ്ങൾ വിടുവിക്കപ്പെടുവാനും ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിപ്പിൻ. വിശ്വാസം എല്ലാവർക്കും ഇല്ലല്ലൊ.**

**വാക്യം 1.** അവർക്കു വേണ്ടി അവൻ പ്രാർത്ഥിച്ച ശേഷം (2:16, 17), തനിക്കും സഹപ്രവർത്തകർക്കും വേണ്ടി പ്രാർത്ഥിക്കുവാൻ പൗലൊസ് തെസ്സലൊനിക്യരോട് ആവശ്യപ്പെട്ടു. **ഒടുവിൽ** എന്ന വാക്ക് സൂചിപ്പിക്കുന്നത്, പൗലൊസ് പറയുവാൻ ആഗ്രഹിച്ചതെല്ലാം പറഞ്ഞ് അവസാനത്തെ പോയിന്റ് വ്യക്തമാക്കുന്നതായിട്ടാണ്. (1 തെസ്സ. 4:1 മായി താരതമ്യം ചെയ്യുക). (**സഹോദരന്മാരെ** എന്ന വാക്കിന്റെ ഉപയോഗം മനസിലാക്കുവാൻ 2:13 ന്റെ ചർച്ച നോക്കുക.)

അസംഖ്യം പ്രാവശ്യം ഇത്തരം ആവശ്യങ്ങൾ നമുക്ക് കാണാം (1 തെസ്സ. 5:25; കൊലൊ. 4:3; എഫെ. 6:19; റോമ. 15:30), ക്രിസ്ത്യാനികളുടെ പ്രാർത്ഥന ഫലപ്രദമായതിനാലായിരിക്കാം അവൻ അവരോട് ആവശ്യപ്പെട്ടത് (യാക്കൊ. 5:16 മായി താരതമ്യം ചെയ്യുക). **കർത്താവിന്റെ വചനം വേഗത്തിൽ** [വ്യാപിക്കണം] എന്നതായിരുന്നു അവരുടെ പ്രാർത്ഥനാ വിഷയം, പൂർവ്വാധികം ശക്തിയോടുകൂടെ അസംഖ്യം ആളുകളിലേക്ക് സുവിശേഷം എത്തിക്കണമെന്ന ആഗ്രഹമായിരുന്നു അവരുടേത് (സങ്കീ. 147:15 മായി താരതമ്യം ചെയ്യുക). പ്രാർത്ഥിച്ചത് അത് "വേഗത്തിൽ വ്യാപിക്കുന്നതിന്" മാത്രമായിരുന്നില്ല, പിന്നെയോ മുമ്പിലത്തേതു [പോലെ] അത് **തെസ്സലൊനിക്യരിൽ മഹത്വീകരിക്കപ്പെടുവാനും ആയിരുന്നു** അപേക്ഷിച്ചത്. അവർ സുവിശേഷത്തെ ഗൗരവമായി എടുക്കുകയും "മഹത്വപ്പെടുത്തുകയും" ദൈവ വചനമായി കൈക്കൊള്ളുകയും ചെയ്തിരുന്നു (1 തെസ്സ 1:6; 2:13). സുവിശേഷം വിശ്വസിക്കുകയും "മഹത്വപ്പെടുത്തുകയും ചെയ്യുമ്പോൾ, മാത്രമാണ് അത്"രക്ഷക്ക് ദൈവശക്തിയായി മാറുന്നത്" (റോമ. 1:16).

**വാക്യം 2.** തെസ്സലൊനിക്യരോട് പൗലൊസ് രണ്ടാമതായി ആവശ്യപ്പെട്ടത്, **വല്ലാത്തവരും ദുഷ്ടന്മാരുമായവരുടെ കയ്യിൽനിന്ന് ദൈവശക്തിയാൽ തന്നെ വിടുവിക്കുവാനായി** പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടു. ഗ്രീക്കിൽ അക്ഷരികമായി വായിക്കുന്നത്, "ദുഷിച്ച മനുഷ്യരും ദുഷ്ടന്മാരും" എന്നാണ്. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, അപകടമായിരിക്കാം അവന്റെ മനസിൽ (പതിവിലുള്ള അപകടത്തെയല്ല ഇവിടെ സൂചിപ്പിച്ചത്, പിന്നെയോ പ്രത്യേകമായ അപകടത്തെയാണ്) അവൻ നേരിട്ടത്, ഒരുപക്ഷെ യെഹൂദന്മാരിൽനിന്നുണ്ടാകുവാനിടയുള്ളതാകാം (പ്രവൃത്തികൾ 18:12–21; 1 തെസ്സ. 2:14–16).

"പെർവെഷ്സ്" എന്നതിന്റെ ഗ്രീക്ക് വാക്ക് ἄτοπος (*അടോപോസ്*). കെജെ വിയിൽ കൊടുത്തിരിക്കുന്നത്, "അൺറീസണബിൾ" എന്നാണ്, അതിന ർത്ഥം, "ഉചിതമല്ലാത്തതും നീതികെട്ടതും" എന്നാണ്. അവരെ "ദുഷ്ടന്മാർ" എന്നും വിളിച്ചിരിക്കുന്നു, അതിന്റെ ഗ്രീക്ക് വാക്ക് πονηρός (*പോണെറോ സ്*). അവരെ കുറിച്ച് സി.എഫ്. ഹോഗഗ് പറഞ്ഞത്, "വല്ലാത്തവരായ ആളു കൾ വാഗ്വാദത്തിലേർപ്പെടുന്നവരും ... കീഴടക്ക സ്വഭാവമില്ലാത്തവരുമാണ്." ഉപയോഗിച്ച ആർട്ടിക്കിൾ വ്യക്തമാക്കുന്നത്, അപ്പൊസ്തലന്റെ മനസിൽ ഒരു പ്രത്യേകതരം ആളുകളാണുള്ളത്... ഒരുപക്ഷെ യെഹൂദന്മാർ ആയിരു ന്നേക്കാം."[1]

**എല്ലാവർക്കും വിശ്വാസം ഇല്ലല്ലൊ** എന്ന് ഊന്നി പറഞ്ഞ്, തന്റെ പ്രസംഗം ചിലർ എതിർക്കുന്നതിനെ പൗലൊസ് വിശദമാക്കുന്നു. ഹെന്റി ആൽഫോർഡ് പറഞ്ഞതുപോലെ, ആ പ്രയോഗം, "എല്ലാവർക്കും (ക്രിസ്ത്യാനികൾ) വിശ്വാ സം ഇല്ല."[2] ക്രിസ്തീയ ഉപദേശരൂപത്തെ ആയിരിക്കാം പൗലൊസ് ഇവിടെ "വിശ്വാസം" അർത്ഥമാക്കിയത് (റോമ. 1:5 മായി താരതമ്യം ചെയ്യുക). അതിലെ സന്ദേശം എല്ലാവർക്കും ഉള്ളതാണ് (തിത്തൊ. 2:11), പക്ഷെ എല്ലാവരും അത് സ്വീകരിക്കുകയില്ല (2 തിമൊ. 3:8, 9). മനുഷ്യർക്ക് സുവിശേഷം സന്ദേശം സ്വീകരിക്കയോ തിരസ്ക്കരിക്കയും ചെയ്യാം. "ഇഛിക്കുന്നവർ" (വെളി. 22:17) "വിശ്വാസം" സ്വീകരിക്കും. മറ്റുള്ളവർ അതിനെ എതിർക്കുകയും തള്ളിക്ക ളയുകയും ചെയ്യും. അതിനെ എതിർക്കുന്ന ദുഷ്ടമനുഷ്യരിൽനിന്നു തന്നെ വിടുവിക്കുന്നതിന് പ്രാർത്ഥിപ്പാനാണ് പൗലൊസ് ആവശ്യപ്പെട്ടത്.

## തെസ്സസലൊനിക്യരിലും കർത്താവിലും ഉള്ള ധൈര്യപ്രസ്താവന (3:3-5)

**3കർത്താവോ വിശ്വസ്തൻ, അവൻ നിങ്ങളെ ഉറപ്പിച്ചു ദുഷ്ടന്റെ കയ്യിൽ അകപ്പെടാതവണ്ണം കാത്തുകൊള്ളും. 4ഞങ്ങൾ ആജ്ഞാപിക്കുന്നത് നിങ്ങൾ ചെയ്യുന്നു എന്നും മേലാലും ചെയ്യും എന്നും ഞങ്ങൾ നിങ്ങളെ കുറിച്ച് കർത്താവിൽ ഉറച്ചിരിക്കുന്നു. 5കർത്താവ് താൻ നിങ്ങളുടെ ഹൃദയങ്ങളെ ദൈവത്തിന്റെ സ്നേഹത്തിലേക്കും ക്രിസ്തുവിന്റെ സഹിഷ്ണുതയിലേക്കും തിരിക്കുമാറാകട്ടെ.**

**വാക്യം 3.** ദൈവദാസന്മാരെ ശക്തമായി എതിർക്കുന്ന "വല്ലാത്തവരും ദുഷ്ടന്മാരുമായവരുടെ" (വാ.2) കയ്യിൽനിന്നു വിടുവിപ്പാനാണ് പ്രാർത്ഥി ക്കുവാൻ ആവശ്യപ്പെട്ടത്. വല്ലാത്തവരും ദുഷ്ടന്മാരുമായവരുടെ നായകന ായ പിശേപിചനേക്കാൾ **കർത്താവ്** ശക്തൻ. കൂടാതെ കർത്താവ് ശക്തൻ മാത്രമല്ല; അവൻ **വിശ്വസ്തൻ** കൂടെയാണ്. അതായത്, അവൻ തന്റെ വാഗ്ദാ നങ്ങളോട് വിശ്വസ്തത പുലർത്തുന്നവനാണ്. മനുഷ്യർ തങ്ങളുടെ വാഗ്ദാന ത്തോടു വിശ്വസ്തത പുൽത്തണമെന്നില്ല. പക്ഷെ വിശ്വസ്തൻ ആയിരിക്കും (1 കൊ. 1:9; 2 കൊ. 1:18; 1 തെസ്സ. 5:24).

ഐ. ഹോവാർഡ് മാർഷൽ ശ്രദ്ധിച്ചു, "വിശ്വാസം," "വിശ്വസ്ത" എന്നിവ വാക്കുകൾ കൊണ്ടുള്ള അമ്മാനമാട്ടമാണ്.[3] വാക്യം 2 ന്റെ അവ സാനം, പൗലൊസ് പറഞ്ഞത്, എല്ലാവർക്കും "വിശ്വാസം" πίστις (*പിസ്റ്റിസ്*) ഇല്ലല്ലൊ എന്നാണ്, അതു സൂചിപ്പിക്കുന്നത് കർത്താവ് "വിശ്വസ്തൻ." πιστός

(*പിസ്റ്റോസ്*) മനുഷ്യരിൽ എല്ലാവരിലും “വിശ്വാസം” ഇല്ലെങ്കിലും ദൈവം എപ്പോഴും “വിശ്വസ്തൻ” ആണ്. പൗലൊസ് പലപ്പോഴും; ഒരേ കാര്യങ്ങൾ ആവർത്തിച്ചു പറഞ്ഞിട്ടുണ്ട് (1 തെസ്സ. 5:24 താരതമ്യം ചെയ്യുക).

അവൻ “വിശ്വസ്തൻ” ആകയാൽ, തെസ്സലൊനിക്യരെ അവൻ സഹായിക്കും, 1 ഉം 2 ഉം വാക്യങ്ങളിലെ പ്രാർത്ഥന പൗലൊസിന് വേണ്ടിയായിരുന്നു എങ്കിലും, കർത്താവ് അവനെ സംരക്ഷിക്കുമെന്നന് അവൻ പറയുമെന്നന് നമുക്ക് പ്രതീക്ഷിക്കാം. എന്നാൽ അവന്റെ കരുതൽ അവരുടെ ആത്മിയ ക്ഷേമമായിരുന്നതിനാൽ, അവരെ ദൈവം എങ്ങനെ സഹായിക്കുമെന്നറിയിക്കുവാനായിരുന്നു അവന്റെ താൽപര്യം. പ്രത്യേകമായി, ഈ “വിശ്വസ്തൻ” ആയ കർത്താവ്, അവരെ **ശക്തിപ്പെടുത്തും**. ഇവിടെ ഉപയോഗിച്ച ഗ്രീക്ക് വാക്ക് στηρίζω (*സ്റ്റെരിസോ*), അർത്ഥം “ഉറപ്പിക്കുക, സ്ഥിരപ്പെടുത്തുക. സ്ഥാപിക്കുക, പിന്തുണക്കുക.” ജലപ്രളയത്താൽ ഡാം നിറയുമ്പോൾ സമ്മർദ്ദത്താല് ഡാം പൊട്ടുവാനിടയാകുന്നതുപോലെ, സംഘർഷം അധികമാകുമ്പോൾ, മനസ് തകർന്നു പോകുവാനിടയാകുന്ന ആശയമാണ് ബോധ്യമാക്കുന്നത്. “ലോകാവസാനത്തോളം ഞാൻ നിങ്ങളുടെകൂടെ ഉണ്ട്” യേശു തന്റെ ശിഷ്യന്മാരോട് വാഗ്ദാനം ചെയ്തു (മത്താ. 28:20), തെസ്സലൊനിക്യരെ സഹായിക്കുവാനായി, യേശു അവരെ ശക്തിപ്പെടുത്തുമെന്ന് യേശു വാഗ്ദാനം ചെയ്ത കാര്യം പൗലൊസ് അവരെ ഓർമ്മിപ്പിക്കുകയാണ്. പൗലൊസിന്റെയും യേശുവിന്റേയും വാഗ്ദാനം നിറവേറുക തന്നെ ചെയ്യും.

“വിശ്വസ്തനായ” കർത്താവ് നിറവേറ്റുമെന്ന് പറഞ്ഞ മറ്റൊരു കാര്യണാണ്, കർത്താവ് തെസ്സലൊനിക്യരെ “കാത്തുകൊള്ളും” (ആർഎസ്‌വി) അഥവാ **സംരക്ഷിക്കും**. ക്രിസ്ത്യാനികൾ “വിശ്വാസം മൂലം” “ദൈവശക്തിയിൽ കാക്കപ്പെടും” എന്നാണ് പത്രൊസ് 1 പത്രൊ1സ് 1:5 ൽ പറഞ്ഞത് (എൻഐവി). പൗലൊസ് 1 കൊരിന്ത്യർ 10:13 ൽ ഉറപ്പിച്ചു പറഞ്ഞത്, ദൈവം “[ഞങ്ങൾക്ക്] കഴിയുന്നതിന് മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ [ഞങ്ങൾക്കു] സഹിപ്പാൻ കഴിയേണതിന്ന് പരീക്ഷയോടുകൂടെ അവൻ പോക്കുവഴിയും ഉണ്ടാക്കും” (എൻഐവി). ദൈവത്തിന് ഓരോരുത്തരുടേയും പരീക്ഷ സഹീക്കുന്നതിനുള്ള കഴിവ് എത്രയുണ്ടെന്ന് നന്നായി അറിയാം എന്നതാണ് സത്യം. ഒരു പരീക്ഷണവും നമ്മെ കീഴ്പ്പെടുത്തുവാൻ അനുവദിക്കാതിരിക്കുവാനും നമ്മെ ശക്തരാക്കുവാനും അവൻ നമ്മോടുകൂടെ ഉണ്ടായിരിക്കും. ശക്തരല്ലാത്തവരെ പരീക്ഷണത്തെ അതിജീവിക്കുവാനുള്ള ശക്തി നൽകി ദൈവം നമ്മെ “കാത്തുകൊള്ളും” എന്നായിരിക്കാം ഒരുപക്ഷെ പൗലൊസ് പറയുന്നത്.

ഈ പരീക്ഷണങ്ങളുടെ ഉറവിടം എന്താണ്, അല്ലെങ്കിൽ ആരാണ്? അത് **ദുഷ്ടനിൽനിന്നാണ്** എന്ന് പൗലൊസ് പറയുന്നു. അതിന്റെ ഗ്രീക്ക് വാക്ക് πονηρός (*പോണെറോസ്*) ഒന്നുകിൽ “ദുഷ്ടതയിൽനിന്ന്” അല്ലെങ്കിൽ “ദുഷ്ടനിൽനിന്ന്” എന്നു തർജിമ ചെയ്യാവുന്നതാണ്. പൗലൊസിന്റെ മറ്റു എഴുത്തുകളിൽ രണ്ടാമതത്തെ തർജിമയാണ് കാണുന്നത് (2 തെസ്സ. 2; എഫെ. 6:16) ദുഷ്ടൻ എന്നു പറയുന്നത്, തീർച്ചയായും, സാത്താൻ തന്നെയാണ്.

**വാക്യം 4**. വാക്യം 3 ൽ, കർത്താവിന്റെ സഹായത്തിനുള്ള **ധൈര്യമാണ്** പൗലൊസ് പ്രകടമാക്കിയിരിക്കുന്നത്. ഇവിടെയും പൗലൊസ് “ധൈര്യം” എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നു, അത് തെസ്സലൊനിക്യർ അവസാനം വരെ പിടിച്ചുകൊള്ളുകയും വേണമായിരുന്നു. ജീവിതത്തിന്റെ ഭാഗമായി അവർ

ചെയ്യേണ്ടിയിരുന്നത് ദൈവത്തെയും അവന്റെ വചനത്തെയും അനസരിക്കണ മായിരുന്നു (എബ്രാ. 5:9) ഈ കാര്യത്തിൽ അവർക്ക്, ദൈവശ്വാസിയ പുരുഷനിൽകൂടെയാണ്-**പൗലൊസ്** അവർക്ക് വചനം നൽകിയത് (1 കൊരിന്ത്യർ 14:37 മായി താരതമ്യം ചെയ്യുക). ആകയാൽ, തങ്ങളോട് പറഞ്ഞ് ചെയ്യുവാൻ അവർ കടപ്പെട്ടിരുന്നു. **ഞങ്ങൾ കൽപിച്ചത്** ചെയ്യുവാനായിരുന്നു പൗലൊസ് അവരോട് നിർദ്ദേശിച്ചത്.

"ധൈര്യം" എന്നത് ലഭിച്ചിരിക്കുന്ന ഗ്രീക്ക് വാക്ക് πεποίθαμεν (*പെപേ ായിതാമേൻ*). അത് *പെയിതോ* എന്നതിന്റെ സെക്കന്റ് പെർഫെക്ട് ഇൽഡിക്കകേറ്റിവ് ആണ്. ആ ടെൻസ് സൂചിപ്പിക്കുന്നത് തീവ്രമായ പ്രേരണ ചെലുത്തുക എന്നാണ്, നാം ഒരു ആശ്രയാവസ്ഥയിലാണ്.[4] അതായത്, തെസ്സലൊനിക്യർ അവന്റെ കൽപനകൾ അനുസരിക്കുമെന്ന് പൗലൊസിന് ഉറപ്പ് ഉണ്ടായിരുന്നു. അവരുടെ പരിവർത്തനം വാസ്തവത്തിലുള്ളതായിരന്നു എന്ന വിശ്വാസത്താലും, അവർ അവന്റെ കൽപനകൾ **പ്രമാണിച്ചു** വന്നതിലനാലും, അത് അങ്ങനെ തന്നെ **തുടരുമെന്ന** ധൈര്യം പൗലൊസിന് ഉണ്ടായിരുന്നു (1 തെസ്സ. 1:1). വീണ്ടും അവൻ സഹോദരന്മാരോട് കൽപിക്കുന്നതായി നമുക്ക് കാണാം.

**കർത്താവിലുള്ള** സഹോദരന്മാരുടെ ധൈര്യം പൗലൊസിന് കാണുവാന് കഴിഞ്ഞതിനാൽ ആയിരുന്നു പൗലൊസി ആ ധൈര്യം ലഭിച്ചത്. നമുക്ക് കർത്താവിന്റെ കൽപനകൾ ലഭിച്ച് സ്നാനം ഏറ്റപ്പോൾ, നാം മറ്റുള്ളവരെ വ്യത്യസ്തമായ കാഴ്ച്ചപ്പാടിൽ കാണുവാൻ തുടങ്ങി, അവരിൽകൂടെ ദൈവത്തിന് എന്തു ചെയ്യുവാൻ കഴിയും എന്ന രീതിയിൽ കാണുവാൻ തുടങ്ങി.

എങ്ങനെയായാലും, ഈ വാക്യത്തിൽ തന്റെ തെസ്സലൊനിക്യയിലെ സഹോദരങ്ങൾക്ക് അവൻ പരോക്ഷമായി നൽകുന്ന കൽപന എന്തെന്നാൽ അവരുടെ ക്രിസ്തീയ വേല അവൻ നൽകുവാൻ പോകുന്ന കൽപനകൾക്ക് വിധേയമായിരിക്കണം എന്നാണ് (വാ. 6). വാസ്തവത്തിൽ, "കൽപന" എന്നതിന് ഉപയോഗിത്ത അതേ ഗ്രീക്കു ക്രിയ παραγγέλλω (*പാരാഞ്ചെലോ*) തന്നെയാണ് വാക്യം 6 ലും, 10 ലും, 12 ലും ഉപയോഗിച്ചിരിക്കുന്നത്.

**വാക്യം 5**. ഈ വാക്യത്തിൽ, പൗലൊസ് പ്രാർത്ഥിച്ചത്, **ദൈവസ്നേഹത്തിലേക്കുള്ള** തെസ്സലൊനിക്യരുടെ **ഹൃദയങ്ങളെ കർത്താവ്** "നേർവഴിക്കാക്കുന്നതിന്," അല്ലെങ്കിൽ നേരെയാക്കുന്നതിനു വേണ്ടിയായിരുന്നു. "ഹൃദയം" എന്നതിന്റെ ഗ്രീക്ക് വാക്ക് καρδία (*കാർഡിയാ*) മൊത്തത്തിൽ പറയുന്നത്, അന്തർഭാഗ ചിന്തയെയും വികാരത്തെയുമാണ്, **ദൈവ സ്നേഹത്തിലേക്ക്** നയിക്കുന്ന വഴിയാണ് അത്. ഈവിടെ പറയുന്ന "സ്നേഹം" ദൈവത്തിന് നമ്മോടുള്ള സ്നേഹമോ അല്ലെങ്കിൽ നമുക്ക് ദൈവത്തോടുള്ള സ്നേഹമോ ആയിരിക്കാം. ദൈവത്തിന് നമ്മോടുള്ള സ്നേഹം നമക്ക് ദൈവത്തോടുള്ള സ്നേഹത്തിന് കാരണമായേക്കും. ആ വഴി നമ്മെ **ക്രിസ്തുവിന്റെ സ്ഥിരതയിലേക്കും** നയിക്കും, അതായത്, പ്രതികൂല സാഹചര്യത്തിലും, മരണ സാഹചര്യത്തിൽ പോലും, ക്രിസ്തു നമുക്ക് കാണിച്ചു തന്ന സ്ഥിരതയാണ് നാം മുറുകെ പിടിക്കേണ്ടത്.

ഈ വാക്യത്തിലെ, "ദൈവസ്നേഹത്തെ" കുറിച്ച് ജോൺ സ്റ്റോട്ട് വിശ്വസിച്ചത്, രണ്ട് ജെനെറ്റീവ്സിനേയും ബന്ധിപ്പിക്കുന്നതിനുള്ള യോഗ്യതയായിട്ടാണ്. അവൻ പറഞ്ഞു, "ക്രിസ്തുവിന്റെ ക്ഷമ അവരിൽ ഉണ്ടാകുവാനും, ദൈവസ്നേഹത്തെ പോലെ തെസ്സലൊനിക്യർ അന്യോന്യം സ്നേഹിക്കുവാനുമായിരുന്നു പൗലൊസ് പ്രാർത്ഥിച്ചത്. സന്ദർഭം വ്യക്തമാക്കുന്നത്, അവർ

തങ്ങളുടെ അനുസരണത്താൽ ക്ഷമയും ദൈവസ്നേഹവും പ്രകടമാക്കി എന്നാണ്."[5]

ബുദ്ധിമട്ടും ഉപദ്രവവും സഹിച്ചാലും, തങ്ങളുടെ ദൈവ സ്നേഹത്തിൽ അവർ ഉറച്ചു നിൽക്കുവാനായിട്ടായീരുന്നു, അത്യാവശ്യമായും പൗലൊസ് പ്രാർത്ഥിച്ചത്. ആ സ്നേഹത്തിൽ തങ്ങളുടെ ക്രിസ്തീയ ജീവിതം തുടരുവാനായിരുന്നു.

## ക്രമം കെട്ടു നടക്കുന്നവരോടുള്ള പെരുമാറ്റത്തെ കുറിച്ചുള്ള കൽപന (3:6-15)

**6സഹോദരന്മാരേ, ഞങ്ങളോട് പ്രമാണം വിട്ട് ക്രമം കെട്ടു നടക്കുന്ന
ഏതു സഹോദരനോടും, അകന്നുകൊള്ളേണം എന്നു നമ്മുടെ കർത്താ
വായ യേശുക്രിസ്തുവിന്റെ നാമത്തിൽ ഞങ്ങൾ നിങ്ങളോട് ആജ്ഞാപ
ിക്കുന്നു. 7ഞങ്ങളെ അനുകരിക്കേണ്ടത് എങ്ങനെ എന്ന് നിങ്ങൾ തന്നെ
അറിയുന്നുവല്ലോ. ഞങ്ങൾ നിങ്ങളുടെ ഇടയിൽ ക്രമം കെട്ടു നടന്നിട്ടില്ല.
8ആരുടെയും ആഹാരം വെറുതെ അനുഭവിച്ചിട്ടുമില്ല. നിങ്ങളിൽ ആർക്കും
ഭാരമായി തീരരുത് എന്നു വെച്ച് ഞങ്ങൾ അദ്ധ്വാനത്തോടും പ്രയാസ
ത്തോടും കൂടെ രാപ്പകൽ വേല ചെയ്തുപോന്നത് 9അധികാരമില്ലാഞ്ഞിട്ടല്ല,
അനുകരിച്ച് നടപ്പാൻ നിങ്ങൾക്ക് ഞങ്ങളെ മാതൃകയാക്കി തരേണ്ടതിന്നത്രെ,
10വേല ചെയ്യുവാൻ മനസില്ലാത്തവൻ തിന്നുകയുമരുത്.എന്നു ഞങ്ങൾ
നിങ്ങളോടുകൂടെയിരിക്കുമ്പോൾ തന്നെ ആജ്ഞാപിച്ചിട്ടുണ്ടല്ലോ. 11നിങ്ങളിൽ
ചിലർ ഒട്ടും വേല ചെയ്യാതെ പരകാര്യം നോക്കി ക്രമം കെട്ടു നടക്കുന്നു
എന്നു കേൾക്കുന്നു. 12ഇങ്ങനെയുള്ളവരോട് സാവധാനത്തോടു വേല ചെ
യ്തു അഹോവൃത്തി കഴിക്കേണം എന്നു കർത്താവായ യേശുക്രിസ്തുവിൽ
ഞങ്ങൾ ആജ്ഞാപിച്ചു പ്രബോധിപ്പിക്കുന്നു. 13നിങ്ങളോ സഹോദരന്മാരെ,
നന്മ ചെയ്യുന്നതിൽ തളർന്നു പോകരുത്.**

**14ഈ ലേഖനത്തിലുള്ള ഞങ്ങളുടെ വാക്ക് അനുസരിക്കാത്തവൻ
നാണിക്കേണ്ടതിന്ന് അവനോടുള്ള സംസർഗം വിട്ട് അവനെ വേറുതിരിപ്പിൻ.
15അയാളെ നിങ്ങൾ ശത്രു എന്ന് വിചാരിക്കരുത്.സഹോദരൻ ആയി കണ
ക്കാക്കി അവനെ പ്രബോധിപ്പിക്കണം.**

**വാക്യം 6. ഞങ്ങൾ കൽപിക്കുന്നു** എന്നാണ് പൗലൊസ് പറഞ്ഞത്, കാരണം താൻ പറഞ്ഞത് അവർ അനുസരിക്കുമെന്ന് അവന് ഉറപ്പ് ഉണ്ടായിരുന്നു. അങ്ങനെയാണ് അവൻ ഈ "കൽപന" അല്ലെങ്കിൽ ആധികാരിക ഉത്തരവ് നൽകുന്നത്. പൗലൊസ് ആണു കൽപിക്കുന്നത്, പക്ഷെ അവൻ കൽപിക്കുന്നത് **നമ്മുടെ കർത്താവ് ആയ യേശുക്രിസ്തുവിന്റെ നാമത്തിൽ** ആയിരുന്നു, അതിന് അവൻ നിയോഗിക്കപ്പെട്ടിരുന്നു. കർത്താവിന്റെ സന്ദേശവാഹകൻ എന്ന നിലയിലായിരുന്നു പൗലൊസ് സംസാരിച്ചത് (1 തെസ്സ. 2:4–6). ഈ കൽപനയെ ധിക്കരിക്കുക എന്നാൽ ക്രിസ്തുവിനെ ധിക്കരിക്കുക എന്നാണ് അർത്ഥം. ആ കൽപന അദ്ധ്യക്ഷന്മാർക്കു മാത്രമായിട്ടല്ല നൽകിയത്, എന്നാൽ, സഭയിലെ എല്ലാ അംഗങ്ങൾക്കുമായിട്ടായിരുന്നു. ഓരോ അംഗവും പൗലൊസിന്റെ കൽപന അനുസരിക്കണമായിരുന്നു. പക്ഷെ ചില ആളുകൾ പൗലൊസിന്റെ കൽപന

**പ്രമാണിക്കാതിരുന്നു**. എൻഐവി യിൽ, "അതിൽനിന്നു പിൻമാറി" എന്നാണ്. കെജെവിയിൽ "നിങ്ങൾ തന്നെ പിൻവാങ്ങി" എന്നാണ്. സാമൂഹ്യ ബന്ധമോ അല്ലെങ്കില്, സഭായോഗബന്ധമോ ഇല്ലാതിരിക്കുക എന്നതാണ് ആശയം.

കൂട്ടായ്മയിൽനിന്ന് അകറ്റി നിർത്തേണ്ട ആളുകൾ ആരാണ്? **ക്രമം കെട്ടു നടക്കുന്ന എല്ലാ സഹോദരന്മാരെയും** ആണ് പൗലൊസ് ഉദ്ദേശിച്ചത്. കെജെവിയിൽ, "ക്രമം കെട്ടു നടക്കുന്ന ഓരോ സഹോദരനും" എന്നാണ്. ഉപയോഗിച്ച ഗ്രീക്ക് വാക്ക് ἀτάκτως (*അടാക്റ്റോസ്*), അതിൽ നിന്നാണ് കെജെവി "ക്രമം കെട്ട്" എന്ന് തർജിമ ചെയ്തിരിക്കുന്നത്. എൻഐവി തർജിമ ചെയ്തിരിക്കുന്നത്, "ഐഡൽ" എന്നാണ്, അതിന്റെ പൊതുവായ അർത്ഥം, "ക്രമം കെട്ട" എന്നു തന്നെയാണ്, പക്ഷെ ഈ വാക്യത്തിൽ "ഫ്രീലോഡിങ്ങ്" അല്ലെങ്കിൽ "സ്പോഞ്ചിങ്ങ്" എന്നാണ്.[6] ഇവിടെ ഉപയോഗിച്ച വാക്കിനെ കുറിച്ച് ഏ.ടി. റോബർട്സൺ പറഞ്ഞത്, "റാങ്കിന് പുറത്ത് എന്നു കാണിക്കുന്ന ഒരു സൈനിക വാക്കാണ് അത്."[7]

തെസ്സലൊനിക്യരുടെ പ്രശ്ന കാര്യത്തിൽ, ക്രമം കെട്ടു നടക്കുക എന്നത് സന്ദർഭം നോക്കിയാൽ, അലസതയെ ആണ് കാണിക്കുന്നത്. അലസതയിൽ ജീവിക്കുക എന്നാൽ, ലഭിച്ച **പ്രമാണം** അനുസരിച്ച് ജീവിക്കാതിരിക്കൽ ആണ്. "സമ്പ്രദായം" എന്നതിന് പകരം "ഉപദേശങ്ങൾ"[8] എന്നാണ്. ഡേവിഡ് ജെ. വില്യംസ് പറഞ്ഞത്.പൗലൊസ് പറഞ്ഞ സമ്പ്രദായം അഥവാ ഉപദേശം എന്താണ്? തെസ്സലൊനിക്യർ പൗലൊസിൽ **നിന്നു ലഭിച്ച** ഉപദേശമായിരുന്നു അത്. അവൻ തെസ്സലൊനിക്യയിലായിരുന്നപ്പോൾ അവരോട് വാമൊഴിയായി അറിയിച്ച ഉപദേശങ്ങളെയാണ് പൗലൊസ് ലേഖനത്തിൽ കൂടെ ഉറപ്പിക്കുന്നത് (2:10 ന്റെ ചർച്ച നോക്കുക; കൂടാതെ 1 തെസ്സ. 4:11, 12; 5:12–14 നോക്കുക).

ആ അലസതയുടെ കാരണം, ഒരുപക്ഷെ കർത്താവ് വന്നു കഴിഞ്ഞു എന്ന ദുരുപദേശം വ്യാപിച്ചതിനാലായിരിക്കാം (2:2). എങ്ങനെയായാലും, വിശ്വസ്തരായ ക്രിസ്ത്യാനികൾ വേല "ചെയ്യാതിരുന്നില്ല," അല്ലെങ്കിൽ വേലയിൽനിന്നു "വിട്ടുനിന്നില്ല." മാന്യതയില്ലാത്ത ആ സ്വഭാവം ഇടവകയായി തിരുത്തണമായിരുന്നു. അത് തിരുത്തുവാനായി, "വിട്ടു നിൽക്കുന്നതും," "അകന്നു നിൽക്കുന്നതും" അവർ ഒഴിവാക്കണമായിരുന്നു. അത്തരം "വിട്ടു നിൽക്കുന്നവരെ" കുറിച്ച് കൂടുതലായി വാക്യം 14 ലും 15 ലും ചർച്ച ചെയ്തിരിക്കുന്നു.

**വാക്യം 7**. പൗലൊസോ, മറ്റുള്ളവരോ അതിനെ കുറിച്ച് ഓർമ്മിപ്പിക്കാതെ തന്നെ **ഞങ്ങളെ അനുകരിക്കേണ്ടിയത്** എങ്ങനെയെന്ന് **നിങ്ങൾ തന്നെ അറിയുന്നുവല്ലോ** എന്നാണ് പൗലൊസ് പറഞ്ഞത്, അതായത് അവരെ മാതൃകയാക്കേണ്ടതിന്. "ഓട്ട്" എന്നത് ശക്തമായ വാക്കാണ്, അത് "മസ്റ്റ്" എന്നും തർജിമ ചെയ്യാം. ഇവിടെ "മാതൃക" എന്നു പറഞ്ഞിരിക്കുന്നത് പൗലൊസിന്റേതാണ്, കാരണം അവൻ ക്രിസ്തുവിനെയാണ് അനുഗമിച്ചത് (1 കൊ. 11:1). തന്റെ മാതൃക പിൻപറ്റുവാൻ പൗലൊസ് തന്റെ ശ്രോതാക്കളോട് ബോധപൂർവ്വമാണ് പറയുന്നത് (1 തെസ്സ. 1:6; ഫിലി. 4:9). ഇത് നമുക്ക് സാധ്യമെന്ന് നിങ്ങൾ വിശ്വസിക്കുന്നുവോ?

ഇന്ന്, ഉപജീവനത്തിന് പരിശ്രമിക്കുന്നതിൽ ആളുകൾ നല്ല മാതൃക കണ്ടെത്തുവാൻ ശ്രമിക്കുന്നു, അതിന് മാത്രമല്ല, ആത്മിയമായ ജീവിതത്തിലും നല്ല മാതൃക കാണുവാൻ ആളുകൾ ആഗ്രഹിക്കുന്നു. പൗലൊസിനെ പോലെ, നമ്മളും, ഗൗരവമേറിയ കാര്യങ്ങളിൽ തിരക്കുള്ളവരാണോ? അതോ നാം ജീവിതത്തില് ഭൂരിഭാഗ സമയവും "കളിയിൽ പ്രവർത്തിക്കുവാനാണോ" ശ്രമി

ക്കുന്നത്? ഉപജീവനത്തിന് അദ്ധ്വാനിക്കുക, എന്നതായിരുന്നു പൗലൊസിന്റെ മനസിലെ മുഖ്യകാര്യം. ഈ വാക്യത്തിൽ, തന്റെ മാതൃക വേല ചെയ്യാതിരിക്കുന്നതിന് എതിരെയാണ് എന്ന് പൗലൊസ് വ്യക്തമാക്കി, തന്റെ ഉപദേശവും അതിന് എതിരാണെന്ന് അവൻ വാക്യം 10 ൽ രേകപ്പെടുത്തി.

പൗലൊസിന്റെ മാതൃക, അവൻ തെസ്സലൊനിക്യയിലായിരുന്നപ്പോൾ, **അവൻ അച്ചടക്കരഹിതമായി ജീവിച്ചിരുന്നില്ല** ("ക്രമം കെട്ട്"; കെജെവി), മറിച്ച് മണിക്കൂറുകളോളം മറ്റുള്ളവരെ പോലെ ജോലി ചെയ്തിട്ടായിരുന്നു പൗലൊസ് സുവിശേഷ വേലയും ചെയ്തിരുന്നത്. "അച്ചടക്കമില്ലാത്ത സ്വഭാവം" എന്നതിന്റെ ഗ്രീക്ക് വാക്ക് ἠτακτήσαμεν (*എടാക്റ്റെസാമെൻ*), അത് [ഒരു] പഴയ ക്രിയയായ *എടാക്ടെയോ* യുടെ "ഫസ്റ്റ് അയോറിസ്റ്റ് ആക്ടിവ് ഇൻഡിക്കേറ്റിവ്, സൈന്യത്തിലെ റാങ്ക് സൂചിപ്പിക്കുന്നു."[9] (അതേ വാക്കിന്റെ മറ്റൊരു രൂപമാണ് വാക്യം 6 ലുള്ളത്) പൗലൊസ് തിരുത്തുവാൻ ശ്രമിച്ച ആളുകളെപോലെ "അച്ചടക്കമില്ലാതെ" അല്ലെങ്കിൽ "ക്രമം കെട്ട്" ആയിരുന്നില്ല അവൻ ജീവിച്ചിരുന്നത്.

**വാക്യം 8. ഞങ്ങൾ ആരുടേയും ആഹാരം വെറുതെ അനുഭവിച്ചിട്ടുമില്ല.** താനും തന്റെ സഹപ്രവർത്തകരും സ്വയമായി അദ്ധ്വാനിച്ച് ഉപജീവനം നടത്തി എന്നാണ് പൗലൊസ് പറഞ്ഞത്. പൊതുവിൽ ഭക്ഷണം കഴിക്കുന്നതിനെ പറയുന്ന എബ്രായ രീതിയാണ് "ആഹാരം" (മത്താ. 6:11 മായി താരതമ്യം ചെയ്യുക). ലിയോൺ മോറിസ്, ആഹാരം എന്ന വാക്കിനെ കുറിച്ച് കൂടുതൽ വിശദമാക്കുന്നു:

> "ആഹാരം കഴിക്കുക" എന്നത് പരമ്പരാഗതമായ ശൈലിയാണ്. അതിനർത്ഥം, "ഒരു നേരത്തെ ആഹാരം" കഴിക്കുക, അല്ലെങ്കിൽ "ഭക്ഷണ പദാർത്ഥങ്ങൾ" കഴിക്കുക എന്നല്ല, മറിച്ച് "ഉപജീവനം തേടുക" എന്നതാണ് (ഒ.വാ. ഉല്. 8:19; ആമോ. 7:12 മുതലായവ) അവരുടെ അതിഥി സർക്കാര ക്ഷണം ഒരിക്കലും പൗലൊസ് സ്വീകരിച്ചിരുന്നില്ല എന്നല്ല അതിനർത്ഥം, പിന്നെയോ, തന്റെ ഉപജീവനത്തിന് അവൻ അവരെ ആശ്രയിച്ചിരുന്നില്ല എന്നർത്ഥം.[10]

യാചിക്കുന്നതിന് പകരം, പൗലൊസ് ചെയ്തത് **രാവും പകലും അദ്ധ്വാനിക്കയായിരുന്നു** (1 തെസ്സ. 2:9; പ്രവൃ. 20:34 താരതമ്യം ചെയ്യുക). പൗലൊസിന്റെ ഉപജീവനത്തിനുള്ള അദ്ധ്വാനം എന്നു പറയുന്നത് കൂടാര-പണിയായിരുന്നേക്കാം (പ്രവൃ. 18:3 നോക്കുക). ദീർഘ മണിക്കൂറുകൾ കൂടാരം പണിയുന്നതിനും സുവിശേഷ പ്രസംഗങ്ങൾ നടത്തുന്നതിനും ധാരാളം സമയം ആവശ്യമായിരുന്നു. അവൻ സ്വയം-പര്യാപ്തതയിലായിരിപ്പാൻ **ബുദ്ദിമുട്ടും അദ്ധ്വാനവും** നേരിട്ടിരുന്നു, അങ്ങനെ പൗലൊസും തന്റെ സഹപ്രവർത്തകരും അവരെ ആരെയും **ഭാരപ്പെടുത്തിയില്ല**. "അദ്ധ്വാനം" എന്നതിന്റെ ഗ്രീക്ക് വാക്ക് κόπος *(കോപോസ്)*, ക്ഷീണിപ്പിക്കുന്ന കഠിനാദ്ധ്വാനത്തെയാണ് സൂചിപ്പിക്കുന്നത്. അവർ തങ്ങളുടെ ഉപജീവനമാർഗത്തിന് വേല ചെയ്യുന്നതോടൊപ്പം പൗലൊസിനേയും പോറ്റണമെന്ന് അവൻ ആഗ്രഹിച്ചിരുന്നില്ല.

**വാക്യം 9.** തന്റെ ചെലവുകൾക്ക് പൗലൊസ് സ്വയം വേല [ചെയ്ത്] വരുമാനം കണ്ടെത്തി. സാമ്പത്തിക സഹായം സ്വീകരിച്ച് **സുവിശേഷ വേല ചെയ്യുവാൻ അവകാശമില്ലാഞ്ഞിട്ടല്ല,** ഹോഗി പറയുന്നു, "ഗ്രീക്ക് വാക്ക്

ἐξουσία (*എക്സൗസിയ*), ഇവിടെ തർജിമ ചെയ്തിരിക്കുന്നത് "അവകാശം" എന്നാണ്, അത്, ആദ്യം എന്തും ചെയ്യുവാനുള്ള സ്വാതന്ത്ര്യവും, പിന്നെ അത് ചെയ്യുവാനുള്ള അധികാരവുമാണ്."[11] അതായത് മുഴുവൻ സമയം ആത്മിയ മായ പ്രവർത്തനങ്ങൾക്ക് ഇറങ്ങിയിട്ട് ഇടവകയോട് തന്നെ സാമ്പത്തികമായി പിന്തുണക്കണം എന്നാവശ്യപ്പെടാം ആധികാരികമായി. മറ്റു സന്ദർഭങ്ങളിൽ അവൻ അങ്ങനെ ചെയ്തിട്ടുണ്ട് (2 കൊ. 11:8; ഫിലി. 4:16). അതിനെ ശക്ത മായി അനുകൂലിച്ച് മറ്റൊരു ഭാഗത്ത് പറയുന്നുമുണ്ട് (1 കൊ. 9:1–14). ആ അവകാശത്തെ കുറിച്ച് ചിലപ്പോൾ, സുവിശേഷത്തിന് തടസം നേരിടാതിരി ക്കുവാൻ പ്രസ്താവിക്കുവാനും പൗലൊസ് മടിച്ചില്ല (1 കൊ. 9:12–15 താരതമ്യം ചെയ്യുക) കൊരിന്ത്യയിലും തെസ്സലൊനിക്യയിലും അവൻ ഈ പ്രസ്താവന നടത്തിയിരുന്നു.

തന്റെ "അവകാശം" പൌലൊസ് ഉപയോഗിക്കാതിരിപ്പാനുള്ള കാരണം, അവൻ അവർക്ക് **ഒരു മാതൃക** [അവർക്ക്] **പിൻപറ്റുവാൻ** ... നൽകുകയാ യിരുന്നു, പ്രായോഗിക കാഴ്ച്ചപ്പാടിൽ, "മോജൽ" ("മാതൃക"; ആർഎസ്‌വി), ഒരാൾ ക്രിസ്തുവിന്റെ സ്വഭാവ മാതൃക പ്രായോഗിമായി ക്രിസ്തുവിന്റെ തത്വം മറ്റുള്ളവർക്ക് മാതൃകയാക്കുവാൻ ശ്രമിക്കുന്നു. താൻ ഒരു നല്ല മാതൃകയാ ണെന്ന് പൗലൊസ് അവകാശപ്പെട്ടിരുന്നില്ല, ക്രിസ്തുവിന്റെ മാതൃക അവൻ പ്രായോഗികമാക്കിയിരിക്കുന്നത് നോക്കുക. പൗലൊസ് പറഞ്ഞത് തന്നെ മാതൃകയാക്കുവാനായിരുന്നില്ല, മറിച്ച് താൻ "ക്രിസ്തുവിന്റെ അനുകാരി" ആയിരിക്കയാൽ, തന്നെ മാതൃകയാക്കുവാനായിരുന്നു അവൻ ആവശ്യപ്പെട്ട ത്. താൻ "മാതൃക" ആക്കിയാൽ മാത്രമെ, ആളുകൾ "ക്രിസ്തുവിനെ മാതൃക ആക്കുകയുള്ളു" എന്നതായിരുന്നു പൗലൊസിന്റെ പോയിന്റ് (1 കൊ. 11:1; എൻഐവി). പൗലൊസിന്റെ പരിശ്രമം "മോഡൽ" ആകുവാനായിരുന്നു, അങ്ങനെ തെസ്സലൊനിക്യർ തന്നെ "അനുകരിക്കും," അല്ലെങ്കിൽ "പിൻപ റ്റും" എന്നതായിരുന്നു പൗലൊസിന്റെ പ്രത്യാശ (ആർഎസ്‌വി). പൗലൊസ് അവർക്കിടയിൽ "രാവും പകലും" അദ്ധ്വാനിച്ചാണ് സുവിശേഷപ്രവർത്തനം നടത്തിയത്, തെസ്സലൊനിക്യയിലുള്ളവരും അങ്ങനെ ചെയ്യുമെന്നായിരുന്നു അവൻ ആഗ്രഹിച്ചത് മറ്റുള്ളവർ ജോലി ചെയ്തുകൊണ്ടിരിക്കുമ്പോൾ, പൗലൊസ്, പിൻവാങ്ങി, വിശ്രമത്തിൽ ഏർപ്പെട്ടിരുന്നില്ല. നല്ല മാതൃകയാ കുവാൻ, അവൻ "രണ്ട് മൈൽ" നടന്നു. വാസ്തവത്തിൽ, ക്രിസ്ത്യാനി ഒരി ക്കലും അലസനായിരിക്കാതെ സാമ്പത്തികമായ ആവശ്യങ്ങൾ നിറവേറ്റുവാന ായി വേണമെങ്കിൽ രാത്രിയും ജോലി ചെയ്യുവാൻ തയ്യാറാവണം, അങ്ങനെ മറ്റുള്ളവരേയും സഹായിക്കുവാൻ കഴിയും (എഫെ. 4:28), ഭൗതികമായും ആത്മികമായും അതു ഗുണകരമാകും (ഗലാ. 6:1).

**വാക്യം 10**. പൗലൊസ് സഹോദരന്മാരെ ഓർമ്മിപ്പിച്ചു, **ഞങ്ങൾ നിങ്ങളോ ടുകൂടെ ഇരിക്കുമ്പോൾ തന്നെ ആജ്ഞാപിച്ചിട്ടുണ്ടല്ലോ** ... സഭ ആരംഭിച്ച് അധിക നാളുകൾ കഴിയുന്നതിന് മുൻപ് തന്നെ പൗലൊസ് ഇടവകയെ അറി യിച്ച കാര്യമാണ് ഇത്. "ആജ്ഞ ... കൊടുത്തു" എന്നത് ഇംപെർഫക്ട് ഗ്രീക്ക് (παρηγγέλλομεν *പാരെൻജെലോമെൻ*, വന്നിരിക്കുന്നത് παραγγέλλω *പാരാൻജെലോ* യിൽനിന്നാണ്, അർത്ഥം "കൽപിക്കുക") സൂചിപ്പിക്കുന്നത്, കൽപന ആവർത്തിചുകൊടുത്തിരിക്കുന്നു എന്നാണ്, അത് വ്യക്തമാക്കുന്നത്, അവൻ അവിടെ ഉണ്ടായിരുന്നപ്പോൾ പോലും അവർ ഗുരുത പ്രശ്നങ്ങളിൽ കൂടെ ആയിരുന്നു കടന്നു പോയത് എന്നാണ്. അലസരായി ജീവിച്ച ആളു

കൾക്ക്, കർത്താവ് വന്നുകഴിഞ്ഞു എന്ന ദുരുപദേശം കേട്ടപ്പോൾ, കൂടുതൽ അലസരാകുവാൻ പ്രേരണ ലഭിച്ചിരിക്കാം (ഇതിനെ കുറിച്ച്, 1 തെസ്സ. 4:11 ന്റെ ചർച്ച നോക്കുക).

**വേല ചെയ്യുവാൻ ... മനസില്ലാത്തവൻ തിന്നുകയുമരുത്** എന്ന പൗലൊസിന്റെ "ആജ്ഞ" അല്ലെങ്കിൽ "കൽപന"; ആർഎസ്‌വി) ഫലപ്രദമായി. അങ്ങനെയുള്ളവർക്ക് മറ്റുള്ളവർ ആഹാരം നൽകരുത്, അവർ വിശന്നു തന്നെ ഇരിക്കണം. ഇത് ആ സമൂഹത്തിൽ പൊതുവെ അംഗീകരിക്കപ്പെട്ട തത്വമായിരുന്നേക്കാം, എന്നാൽ അത് തിരുവെഴുത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. (ഉൽപ 3:19 മായി താരതമ്യം ചെയ്യുക). ഹോഗ് പറഞ്ഞു, "ഇങ്ങനെ തന്നെ അല്ലെങ്കിലും; റബ്ബിമാർക്കിടയിൽ ഇതിനോട് സാമ്യമുള്ള ചൊല്ല് ഉണ്ടായിരുന്നു; അവർ ഒരുപക്ഷെ അത് ഉൽപത്തി 3:19 ൽനിന്ന് എടുത്തതായിരിക്കാം. ഔദാര്യം ലഭിക്കുന്നവർ തങ്ങളുടെ തെറ്റായ പ്രവണതയാൽ തരംതാഴ്ത്തപ്പെടാതിരിക്കുവാൻ വിലക്കിയത്."[12]

ആ നിയമം, തീർച്ചയായും, ജോലി ചെയ്യുവാൻ മനസുണ്ടെങ്കിലും രോഗ ബാധിതരെയും ജോലി ലഭ്യമല്ലാതിരിക്കയും ചെയ്യുവന്നവരെ ബാധിക്കുന്നതല്ല (എഫെ. 4:28; ഗലാ. 6:10 താരതമ്യം ചെയ്യയുക). എങ്ങനെയായാലും അത് അലസതയാണെങ്കിൽ അതിനെ ഗൗരവത്തോടെ തന്നെ പരിഹരിക്കണം എന്നാണ് പൗലൊസ് പറഞ്ഞത്.

പൗലൊസും സഹപ്രവർത്തകരും തെസ്സലൊനിക്യയിലായിരുന്നപ്പോൾ, അത്തരം അലസരായ സഹോദരങ്ങളോട് വേല ചെയ്യുവാൻ ആവർത്തിച്ച് പറഞ്ഞിരുന്നതാണ്. പിന്നീട് അവർക്ക് ഇതേ കാര്യം തന്നെ ലേഖനത്തിൽ കൂടെ എഴുതി അറിയിച്ചു (1 തെസ്സ. 4:11). ഇപ്പോൾ, പൗലൊസ് വീണ്ടും അവരോട് അപേക്ഷിക്കുകയാണ്, തുടർന്നും അവർ അവന്റെ കൽപന അനുസരിക്കുന്നില്ലെങ്കിൽ, അവരെ കൂട്ടായ്മയിൽനിന്നു തന്നെ അകറ്റി നിർത്തണം (വാ. 14). എങ്ങനെയായാലും, കൂട്ടായ്മയിൽനിന്നും അകറ്റണം എന്നു പറയുന്നതിന് മുൻപ്, അലസതയുടെ അനന്തര നിഷേധ ഫലങ്ങളെ അടുത്ത വാക്യത്തിൽ പറയുന്നു.

**വാക്യം 11.** തങ്ങളെ സ്വയം പിന്തുണക്കണമെന്ന് പൗലൊസ് ആജ്ഞാപിക്കുവാനുള്ള കാരണവും പൗലൊസ് വ്യക്തമാക്കി. [തെസ്സലൊനിക്യിലെ ചിലർ] **അച്ചടക്കരഹിതമായ ജീവിതം നയിക്കുന്നതായ** വിവരം അവൻ കേട്ടു. ആ വിവരം ധരിപ്പിച്ചത് ആരാണെന്ന് പറയുന്നില്ല, ഒരുപക്ഷെ ഒന്നാമത്തെ ലേഖനം അവിടെ എത്തിച്ച ശേഷം മടങ്ങി വന്ന തിമൊഥെയൊസോ, അല്ലെങ്കിൽ കൊരിന്തിലേക്ക് യാത്ര ചെയ്തവരിൽ ആരെങ്കിലുമോ ആയിരിക്കാം. അത് എങ്ങനെയായാലും, പ്രശ്നം അപ്പോഴും നിലനിൽക്കുന്നതായി അവൻ അറിഞ്ഞു. അവരിൽ ചിലർ ഇപ്പോഴും–പല പ്രബോധനങ്ങൾക്ക് ശേഷവും–"അച്ചടക്കരഹിതമായ" അല്ലെങ്കിൽ "അലസമായ"; (എൻഐവി). പിന്നെ, വാക്കുകളുടെ കളിയാണ് (ഗ്രീക്കിൽ), അവൻ ഏതാണ്ട് ഇതുപോലെ പറഞ്ഞു, "അവർ തിരക്കുള്ളവരായിരുന്നില്ല, മറിച്ച് പരക്കാര്യങ്ങളിൽ തിരക്കുള്ളവരായിരുന്നു." മറ്റൊരു വാക്കിൽ പറഞ്ഞാൽ, അവർ സ്വന്ത കാര്യങ്ങളിൽ തിരക്കുള്ളവരാകാതെ, മറ്റുള്ളവരുടെ കാര്യങ്ങളിൽ തിരക്കുള്ളവരായിരുന്നു. **പരദൂഷണക്കാർ** ചെയ്തിരുന്ന പ്രവൃത്തികളായിരുന്നു അവർ ചെയ്തിരുന്നത്. അതായത് മറ്റുള്ളവരുടെ കാര്യങ്ങളിൽ ഇടപെട്ടുകൊണ്ടിരുന്നു. മൂലഗ്രീക്കിലെ വാക്കുകളുടെ കളി "വേല ചെയ്യാതെ" എന്നും μηδὲν ἐργαζομένους (*മെഡെൻ*

*എർഗാസോമെനസ്*), എന്നാൽ "ബുസിബോഡീസ്" περιεργαζομένους (*പെരിയർഗാസോമെനസ്*). അലസതക്ക് മോശമായ പല അനന്തരഫലങ്ങളുമുള്ളതിനാൽ ഇടവകയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കും. അലസരായിട്ടുള്ളവരോട് അലസത ഉപേക്ഷിക്കുവാനും, ശേഷമുള്ള അംഗങ്ങളോട് വീണ്ടും അവർ വേലചെയ്യുവാൻ തയ്യാറായില്ലെങ്കിൽ, അവർക്കെതിരെ അച്ചടക്ക നടപടി എടുക്കുവാനും പൗലൊസ് തുടർന്നു കൽപിക്കുകയായിരുന്നു.

**വാക്യം 12**. ക്രമം കെട്ടു ജീവിക്കുന്ന **ആളുകളിലേക്കാണ്** പൗലൊസ് ശ്രദ്ധ തിരിക്കുന്നത്. ആ പ്രശ്നത്തെ കുറിച്ച് പറഞ്ഞപ്പോൾ, "അധികാരവും കൈകാര്യവും" ചേർത്തിരിക്കുന്നു: **ഞങ്ങൾ ആജ്ഞാപിക്കുന്നു** [വാ. 6, 10 ലെ ചർച്ചകൾ നോക്കുക], **പ്രബോധിപ്പിക്കയും** ചെയ്യുന്നു.[13] അവന്റെ സഹപ്രവർത്തകരും ഉൾപ്പെട്ടിരുന്നു എങ്കിലും, കൽപന അവന്റേതായിരുന്നു (2 കൊ. 10:8). മാർഷൽ പറഞ്ഞു, " 'ഞങ്ങൾ കൽപിക്കുന്നു' (വാ. 4, 6). എന്ന ക്രിയയിൽ തന്നെ ആജ്ഞാപന രൂപത്തിലുള്ള ഉപദേശമാണ് അടങ്ങിയിരിക്കുന്നത്, 'പ്രബോധനവും' ... പ്രേരണയെകുറിച്ചും പരിചയപ്പെടുത്തുന്നു."[14]

ആവശ്യമെങ്കിൽ അത്തരം ആളുകളെ പുറത്താക്കുവാൻ പൗലൊസ് പറഞ്ഞുവെങ്കിലും, അവരെ യഥാസ്ഥാനപ്പെടുത്തുന്നതിനായിരുന്നു മുൻതൂക്കം എന്നു തോന്നുന്നു. അവൻ ആജ്ഞാപിച്ചതും, അപേക്ഷിച്ചതും **കർത്താവായ യേശുക്രിസ്തുവിന്റെ** നാമത്തിലായിരുന്നു (വാക്യം 4 ലെ ചർച്ച നോക്കുക), അതായത് അവന്റെ അധികാരത്തിൽ എന്നർത്ഥം. അവർ **സാവധാനത്തോടെ വേല ചെയ്യുവാനായിരുന്നു** പൗലൊസ് അപേക്ഷിച്ചത്. അവർ "ശാന്തമായി വേല ചെയ്യണം." (ആർഎസ്വി). അവർ "പെട്ടെന്ന് ഇളകിപോകാതെ" (2:2), ശാന്തതയോടും ഹൃദയദൈർഢ്യത്തോടും (1 തെസ്സ. 4:11 താരതമ്യം ചെയ്യുക). കൂടാതെ മറ്റുള്ളവർ തങ്ങൾക്ക് ആഹാരം നൽകട്ടെ എന്നു വിചാരിക്കാതെ സ്വന്തകൈകൊണ്ട് **വേല ചെയ്തു അഹോവൃത്തി** കഴിക്കുവാനുമാണ് പറഞ്ഞത്.

**വാക്യം 13**. കഴിഞ്ഞ വാക്യത്തിൽ അലസരായി ജീവിച്ച ന്യുനപക്ഷത്തെ കുറിച്ചാണ് സംസാരിച്ചതെങ്കിൽ, ഈ വാക്യത്തിൽ അനുസരിക്കുന്ന ഭൂരിപക്ഷത്തോടാണ് സംസാരിക്കുന്നത്. ഒരിക്കൽ കൂടെ പൗലൊസ് അവരെ **സഹോദരന്മാർ** എന്നാണ് വിളിച്ചിരിക്കുന്നത് ഇപ്പോൾ അവൻ പറയുന്നത് അനുസരിക്കാതിരിക്കുന്ന ന്യൂനപക്ഷം ചെയ്യുന്നതിനെ കുറിച്ച് പറഞ്ഞശേഷം, അനുസരിക്കുന്ന ഭൂരിഭാഗം നിരാശപ്പെട്ട്, തങ്ങളുടെ വിശ്വാസം വിട്ടുകളയരുത് എന്നാണ് അപ്പൊസ്തലൻ പറയുന്നത്. അവരുടെ കടമ വ്യക്തമാണ്: **നന്മ ചെയ്യുന്നതിൽ നാം മടുത്തു പോകരുത്** (ഗലാ. 6:9 താരതമ്യം ചെയ്യുക). "നന്മ ചെയ്യുന്നതിൽ മടുത്തുപോകരുത്" എന്നതിന്റെ ഗ്രീക്ക് വാക്ക് ἐγκακέω (*എഗ്കാകെയോ*). "സ്ഥിരത പുലർത്തുവാൻ കഴിയാത്തതിന്റെ അപകടത്തെ സംബന്ധിച്ച്"[15] അവൻ പ്രബോധിപ്പിച്ചു.

പക്വതയിലെത്തിയ ക്രിസ്ത്യാനികളെ ഇടവകയിലെ കുഴപ്പങ്ങളോ, കുടുംബപ്രശ്നങ്ങളോ, മറ്റേതൊരു പ്രതികൂലാനുഭവങ്ങളോ ബാധിക്കുകയില്ല, കാരണം തങ്ങൾക്ക് വേണ്ടി മരിച്ച കർത്താവിനോട് വിശ്വസ്തത പുലർത്തി ജീവിക്കുക എന്നത് അവരുടെ "അവകാശം" ആണെന്ന ബോധ്യം അവർക്ക് ഉണ്ട്. കുടുതൽ പ്രത്യേകമായി പരഞ്ഞാൽ, നാം ചെയ്യുന്ന ദാനധർമ്മളാൽ മടുത്തു പോകയോ നിരുൽസാഹപ്പെടുകയോ ചെയ്യരുത്, ശരിയായത് ചെയ്യുന്നത് നിർത്തുകയുമരുത്, എന്നാൽ ചിലർ, തെസ്സലൊനിക്യയിലുള്ളവരെ

പോലെ ചൂഷണം ചെയ്യും. അവിടെയുള്ള ക്രിസ്ത്യാനികൾ നന്മ ചെയ്യുന്നതിൽ മടുത്തുപോയിരുന്നില്ല എന്ന് ഇവിടെ ഉപയോഗിച്ച ഭാഷയിൽ നിന്നു നമുക്ക് മനസിലാക്കാം, എന്നാൽ ഭാവിയിൽ അങ്ങനെ സംഭവിക്കരുത് എന്ന് അപ്പൊസ്തലൻ മുന്നറിയിക്കുകയായിരുന്നു. അതിനാൽ, അവന്റെ പ്രബോധനം ഏറ്റവും ഉചിതമായിരുന്നു.

**വാക്യം 14. ഈ ലേഖനത്തിലെ** [തന്റെ] **നിർദ്ദേശം ആരെങ്കിലും അനുസരിക്കാതെ** [ഇരുന്നാൽ], അവർക്കെതിരെ നടപടിയെടുക്കുവാൻ ഭൂരിഭാഗത്തോട് പൗലൊസ് തുടർന്നു സംസാരിക്കുന്നു. അലസരായിരുന്നവരോട് അപ്പൊസ്തലൻ ജോലിയിലേക്ക് മടങ്ങി പോകുവാൻ ആവശ്യപ്പെട്ടിട്ടും, അവർ കൂട്ടാക്കിയില്ല. ഒരുപക്ഷെ ലേഖനം അവരെ വായിച്ചുകേൾപ്പിച്ചിട്ടും അവർക്ക് മാറ്റം ഉണ്ടായില്ലെന്നു തോന്നുന്നു. മുൻപ് നാം ശ്രദ്ധിച്ചതുപോലെ, പൊലൊസ് അവിടെ ആയിരുന്നപ്പോൾ, ഈ വിഷയത്തെ കുറിച്ച് അവരെ പഠിപ്പിച്ചതായിരുന്നു (വാ. 10). ആദ്യത്തെ തന്റെ ലേഖനത്തിൽ അവൻ ഇതിനെ കുറിച്ച് എഴുതി അറിയിച്ചതുമാണ് (1 തെസ്സ. 4:11, 12; 5:14), ഇപ്പോൾ അവൻ വീണ്ടും അതിനെ കുറിച്ച് തെളിവായി എഴുതുകകയാണ് (വാ. 6–12).

അതുകൊണ്ട്, ന്യൂനപക്ഷം ഇപ്പോൾ അനുസരിക്കുവാൻ തയ്യാറാകുന്നില്ലെങ്കിൽ, അത്തരം വ്യക്തികൾക്കെതിരെ **നടപെടി** എടുക്കേണ്ടത് ഇടവകയാണ്. ആരെങ്കിലും അനുസരിക്കാതെയുണ്ടെങ്കിൽ, ഭൂരിഭാഗം പേർ **പ്രത്യേകമായി ശ്രദ്ധിക്കണം.** "സംസർഗം വിട്ടു വേർതിരിപ്പിൻ" എന്നതിന്റെ ഗ്രീക്ക് ക്രിയ σημειόω (*സെമയിയൂ*), "അടയാളപ്പെടുത്തുക," "ആ മനുഷ്യനിൽ ഒരു ടാഗ് ഇടുക."[16] "ശ്രദ്ധിക്കുക" ആരെയെങ്കിലും "നോക്കുക" എന്നല്ല അർത്ഥമാക്കുന്നത്. മറിച്ച് കുറ്റവാളിയെ അടയാളപ്പെടുത്തുക."[17] വാസ്തവത്തിൽ, പൗലൊസ് അവരോട് പറഞ്ഞത്, അവരുമായി **സംസർഗം അരുത്** എന്നാണ്, അല്ലെങ്കിൽ അവനോട് "യാതൊരു കൂട്ടും കൂടരുത്" (കെജെവി).

1 കൊരിന്ത്യർ 5 ൽ ചർച്ച ചെയ്ത കാര്യത്തിൽ, ആ വ്യക്തിയോട് സംസർഗം പാടില്ല എന്നു പറഞ്ഞ്, അവനോടുകൂടെ ഭക്ഷണം കഴിക്കുക പോലും അരുത് എന്ന് കൂട്ടിച്ചേർത്തതിരിക്കുന്നു (1 കൊ. 5:11). അവർ ആങ്ങനെയുള്ളവരിൽനിന്നു "വിട്ടു നിൽക്കണമായിരുന്നു"(2 തെസ്സ. 3:6; കെജെവി). സാമൂഹ്യമായ ബന്ധം ഇല്ലാതാകുന്നതിനാൽ, അയാളുടെ സ്വഭാവം മറ്റുള്ളവർ അംഗീകരിക്കുകയില്ല എന്ന് ബോധ്യമാക്കണം, അത് "നല്ല സ്വഭാവം" അല്ല എന്ന് അയാൾ തിരിച്ചറിയണം. സാമൂഹ്യബന്ധത്തിൽനിന്നും അകറ്റി നിർത്തുന്നതിന്റെ ഉദ്ദേശം, അങ്ങനെയുള്ള **സ്വഭാവക്കാരെ നാണിപ്പിക്കേണ്ടതിനാണ്.** ചിലപ്പോൾ നാം കൂടുതൽ സമ്മർദ്ദത്തിനിരയാകും, പക്ഷെ ഇത്തരം സന്ദർഭങ്ങളിൽ, "എല്ലാവരിൽനിന്നും സമ്മർദ്ദം നേരിടുകയാണ്." അതാണ് പൗലൊസ് ശരിക്കും ഇവിടെ ആവശ്യപ്പെടുന്നത്. അങ്ങനെ ചെയ്യുമ്പോൾ, തെറ്റിലകപ്പെട്ടട വ്യക്തി തെറ്റ്-തിരുത്തി കാർത്താവിങ്കലേക്ക് മടങ്ങി വരുമെന്നനാണ് പൗലൊസ് പ്രത്യാശിച്ചത് (1 കൊ. 5:5 നോക്കുക). ഇത്രയും ചെയ്തിട്ടും ആ വ്യക്തി മാനസാന്തരപ്പെട്ട് തിരിച്ചു വന്നില്ലെങ്കിലും, ഇടവകയിൽ നിർമ്മലത നിലനിർത്തുവാൻ കഴിയും (1 കൊ. 5:6 താരതമ്യം ചെയ്യുക).

**വാക്യം 15.** അച്ചടക്കം വരുത്തിയ [ആളെ] സംബന്ധിച്ച്, **അയാളെ അവർ ശത്രു എന്ന് വിചാരിക്കരുത്** എന്നത്രെ പൗലൊസ് പറഞ്ഞത്. ലോകം അവരുടെ ശത്രുവിനോട് ചെയ്യാവുന്ന എല്ലാ ഉപദ്രവങ്ങളും ചെയ്തേക്കാം. എന്നാൽ ക്രിസ്ത്യാനികൾ അങ്ങനെയുള്ളവരെ സഹോദരൻ എന്ന നിലയിൽ

തന്നെ, അല്ലെങ്കിൽ തെറ്റിപ്പോയ **സഹോദരൻ ആയി കണക്കാക്കി അവനെ പ്രബോധിപ്പിക്കണം**. "ശത്രു" എന്ന വാക്കിനെ കുറിച്ച് മാർഷൽ ശ്രദ്ധിച്ചത്, ആ വാക്കിന്റെ ഗ്രീക്ക്, ἐχθρός (*ഏക്ത്രോസ്*), "അതിന് ദ്വയാർത്ഥമാണുള്ളത്, ഒരു വ്യക്തിക്ക് എന്നോട് "ശത്രുത" പുലർത്തുന്നതോ/ അല്ലെങ്കിൽ എനിക്ക് അയാളോട് ശ്രുത പുലർത്തുന്നതോ ആകാം. ഇവിടെ ഉദ്ദേശിച്ചിരിക്കുന്നതത്, രണ്ടാമത് പറഞ്ഞിരിക്കുവവാനാണ് സാധ്യത."[18]

അയാൾ അപ്പോഴും "സഹോദരൻ" തന്നെയാണ് കാരണം, അയാൾ ക്രിസ്തുവിനോട് ചേരുവാൻ സ്നാനപ്പെട്ടതാണ് (റോമ. 6:1–4), അയാൾ രക്ഷകനായ കർത്താവിന്റെ അപ്പോസ്തലന്മാർ മുഖേന നൽകിയ കൽപനകൾ തുടർച്ചയായി അനുസരിക്കുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ് (വാ. 6, 14; 1 കൊ. 14:37). ആസമയത്ത് അയാൾക്ക് അന്തിമ രക്ഷ ലഭിക്കുന്ന ഉറപ്പില്ല (എബ്രാ. 5:8, 9). ആ കാരണത്താലാണ്, അനുസരണത്തിലുള്ളവർ തെറ്റിപ്പോയവരെ "സഹോദരന്മാർ" എന്ന് എണ്ണണം എന്നു പറഞ്ഞത്. "ദൈവത്തെ പരിഹസിച്ചുകൂടാ"; അനുസരിക്കാത്തവരെ അവൻ രക്ഷിക്കുകില്ല (ഗലാ. 6:7, 8).

പ്രായോഗികമായ നിലയിൽ നാം ഈ പ്രശ്നത്തെ വീക്ഷിച്ചാൽ, എന്തുകൊണ്ടാണ് ഭൂരിഭാഗം പേർക്കും തെറ്റിപ്പോയവരോട് ശത്രുത ഉണ്ടാകുന്നു എന്ന് കാണുവാൻ കഴിയും. അത്തരം വ്യക്തികൾ കാരണം സഭയ്ക്ക് പുറത്തുള്ളവരുടെ നല്ല സാക്ഷ്യം നഷ്ടപ്പെടുന്നു എന്നതാണ് (1 തെസ്സ. 4:11, 12 താരതമ്യം ചെയ്യുക). ലോകത്തുള്ളവർ അത്തരം ആളുകളെ വെറുപ്പോടും, വിമർശനത്തോടും, "ശത്രുതയോടും" കൂടെയാണ് കാണുന്നത്. അവർ ആ പ്രശ്നത്തെ നേരിടണം, അത്തരക്കാരെ "സൗമ്യതയുടെ ആത്മാവിൽ യഥാസ്ഥാപ്പെടുത്തുവാൻ," എന്നാണ് പൗലൊസ് മറ്റൊരു ഭാഗത്ത് പറഞ്ഞത് (ഗലാ. 6:1).

എങ്ങനെയായാലും, ആ സഹോദരൻ മാനസാന്തരപ്പെട്ടില്ലെങ്കിൽ, പൗലൊസ് പറഞ്ഞത്, വിശ്വസ്തരായ ക്രിസ്ത്യാനികൾ...അവരോടുള്ള സംസർഗം ഒഴിവാക്കണം[19] ക്രിസ്ത്യാനികൾ അത്തരം സ്വഭാവത്തെ അനുകൂലിക്കുന്നവരാണ് എന്ന് ആളുകൾ ഒരിക്കലും വിശ്വസിക്കരുത് എന്ന് പൗലൊസ് ആഗ്രഹിച്ചു. മറ്റു ഭാഗത്ത് പറഞ്ഞിരിക്കുന്ന അച്ചടക്കത്തിന് തുല്യമാണ് ഈ പ്രവൃത്തി. അതിന്റെ എല്ലാം ഉദ്ദേശം, തെറ്റിപ്പോയവർ തിരിച്ചു സഭയിലേക്ക് വരുവാനും സഭയെ വിശുദ്ധമായി സൂക്ഷിക്കുവാനുമാണ്. (1 കൊ. 5:5, 6). അത്തരം സ്വഭാവം ഒരിക്കലും സ്വീകാര്യമല്ല എന്ന് പരസ്യമായി പ്രഖ്യാപിക്കയും വേണം (1 കൊ. 5:4). സ്നേഹശൂന്യമായ വിധി ഒഴിവാക്കുവാനായിട്ടാണ് ക്രിസ്ത്യാനികളോട് കൾപിച്ചിരിക്കുന്നത് (മത്താ. 7:1). പക്ഷെ ഇവിടെ പറയുന്ന അച്ചടക്കം, സ്നേഹത്തോടും, ഔചിത്യത്തോടും പരിഗണിച്ചു നടപ്പാക്കുന്നതാണ് (യോഹ. 7:24; 1 കൊ. 5:12).

ഈ ക്രിസ്തീയ അച്ചടക്കം, റോമൻ കത്തോലിക്കാ സഭ "സഭാ ഭ്രഷ്ട് കൽപിച്ച്" പുറത്താക്കുന്നതുപോലെയല്ല., അവർ തെറ്റിപ്പോയവരെ, അതു കൂടാതെ, "ശത്രുവായി" കണക്കാക്കും. അത് തീർച്ചയായും, ക്രിസ്തീയ തത്വമല്ല. ക്രിസ്ത്യാനികൾ ശത്രുക്കൾക്ക് പോലും മേശയൊരുക്കും (റോമ. 12:20). അച്ചടക്കം ശരിയായി ഉപയോഗിക്കാതെ, തെറ്റായി ഉപയോഗിക്കുന്നത്ന് ഒരു ന്യായീകരണവുമില്ല. ശരിയായ ഉപയോഗത്തിന് ഉപയോഗിച്ചിരിക്കുന്ന വാക്കാണ്, "പ്രബോധനം" അല്ലെങ്കിൽ "മുന്നറിയിപ്പ്" (എൻഐവി), അതിൽ വ്യക്തിപരമായ വികാരവും, വിചാരവും അടങ്ങിയിരിക്കുന്നു, അതാണ് "സഹോദരൻ" എന്നു കരുതണം എന്നു പറഞ്ഞിരിക്കുന്നത്.

കുറ്റവാളിയെ സാമൂഹ്യ ബന്ധത്തിൽ നിന്ന് ഒരു കാര്യത്തിൽ മാത്രമെ ഒഴിച്ചു നിർത്താവു എന്ന് ഈ വേദഭാഗം പറയുന്നു. ഒരു "സഹോദരൻ എന്നു വെച്ച് പ്രബോധിപ്പിക്കുന്ന" സമയത്ത് കൂട്ടായ്മയാകാം, എന്നിട്ടും തിരിഞ്ഞി ല്ലെങ്കിൽ അകറ്റി നിർത്താം.

**ഉപസംഹാരം (3:16-18)**

**16സമാധാനത്തിന്റെ കർത്താവ് ആയവൻ താൻ നിങ്ങൾക്ക് സകലവിദ ത്തിലും സമാധാനം നൽകുമാറാകട്ടെ. കർത്താവ് നിങ്ങള് എല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ;**

**17പൗലൊസ് ആയ എന്റെ കയ്യാൽ വന്ദനം. സകല ലേഖനത്തിലും ഇതു തന്നെ അടയാളം. ഇങ്ങനെ ഞാൻ എഴുതുന്നു.**

**18നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ.**

**വാക്യം 16**. അടിസ്ഥാനപരമായി, പൗലൊസിന്റെ ഇതേപോലെയുള്ള പ്രാർത്ഥനയാണ് ഒന്നാമത്തെ ലേഖനത്തിൽ നാം കണ്ടത് (1 തെസ്സ. 5:23, 28). ഇവിടെ **സമാധാനത്തിന്റെ കർത്താവ്** എന്നു പറഞ്ഞിരിക്കുന്നത് ക്രിസ്തു വിനെ തന്നെയാണ്, അവരെ നിറഞ്ഞ സമാധാനത്തിൽ അനുഗ്രഹിക്കുന്നത് അവൻ തന്നെയാണ്. റോമർ 15:33 ൽ പൗലൊസ് പിതാവിനെയാണ് "സമാധാന ത്തിന്റെ ദൈവം" എന്നു വിളിച്ചിരിക്കുന്നത്. ഭിന്നത ഒഴിവാക്കി അച്ചടക്കം വരു ത്തുവാനായി ശ്രമിക്കുന്ന സമയത്ത് "സമാധാനത്തിന്റെ കർത്താവ്" എന്നത് ഉചിതമായ പ്രയോഗമാണ് (വാ. 6-15). അച്ചടക്കം അനിവാര്യമാണെന്ന് അവൻ വ്യക്തമായി ഓർമ്മിപ്പിക്കുന്നു, കാരണം തെറ്റിപ്പോയവർ "സമാധാനത്തിന്റെ കർത്താവിന്റെ" ഹിതത്തിന് എതിരായിട്ടാണ് ജീവിക്കുന്നത്. അതേ സമയത്ത്, ക്രിസ്ത്യാനികൾ അ-ക്രൈസ്തവരോട് ബന്ധപ്പെടുമ്പോൾ ക്രിസ്തുവിന്റെ സമാധാനം എപ്പോഴും വ്യാപരിക്കണമെന്നില്ല (മത്താ. 10:34-36). എങ്ങനെ യായാലും, ക്രിസ്ത്യാനികൾ ദൈവത്തോട് സമാധാനം ഉള്ളവരാകുമ്പോൾ (ഫിലി. 4:7), അവർ അന്യോന്യവും സമാധാനമുള്ളവരാകും.

ദൈവത്തിനും മനുഷ്യർക്കും തമ്മിൽ സമാധാനം ഉണ്ടാകുവാൻ മരിച്ചവന ിൽനിന്നു മാത്രമെ നമുക്ക് സമാധാനം ലഭിക്കയുള്ളു (റോമ. 5:10), മനുഷ്യർക്ക് തമ്മിൽ തമ്മിലും വാഴുവാൻ ലഭിക്കുന്നതും അങ്ങനെയാണ് (എഫെ. 2:14-16). ഇതേ കർത്താവ്-വ്യക്തിപരമായി**ത്തന്നെ**-അല്ലാതെ മറ്റൊരു മദ്ധ്യസ്ഥൻ വഴി യല്ല, സമാധാനം നൽകുന്നത് എന്ന് പൗലൊസ് ഉറപ്പിച്ചു പറഞ്ഞത്. അവർക്ക് **സകല വിധത്തിലും സമാധാനം** ലഭിക്കുവാനായിരുന്നു പൗലൊസ് പ്രാർത്ഥി ച്ചത്. അത് ചില ഉയർന്ന സാഹചര്യത്തിൽ മാത്രമായിരുന്നില്ല. കൂടാതെ അത് തുടർച്ചയായി ഉണ്ടാകുവാനുമായിരുന്നു. ദൈവസമാധാനം പ്രയാസങ്ങളിലും പ്രതിസന്ധികളിലും നമുക്ക് ആവശ്യമാണ്, കർത്താവിൽ നിന്ന് അവർക്ക് സമാധാനം ലഭിക്കുവാൻ മാത്രമല്ല പൗലൊസ് പ്രാർത്ഥിച്ചത്, കർത്താവ് തന്നെ **അവരോടുകൂടെ** ഇരിക്കുവാനായിരുന്നു അവൻ പ്രാർത്ഥിച്ചത് (മത്താ. 18:20; 2 കൊ. 13:11 താരതമ്യം ചെയ്യുക). കൂടാതെ അവൻ അവർക്ക് **എല്ലാവർക്കും** ആയിട്ടാണ് പ്രാർതച്ഥിച്ചത്, കുഴപ്പത്തിലായവർക്ക് വേണ്ടിയും അവൻ പ്ര ാർത്ഥിച്ചു. അവർ മാനസാന്തരപ്പെടുവാനുള്ള ശുഭാപ്തിവിശ്വാസത്തോടെയാ

യിരുന്നു പ്രാർത്ഥന.

**വാക്യം 17**. പൗലൊസ് തന്റെ ലേഖനം അവസാനിപ്പിക്കുവാൻ പോകുന്നു. നാം പറയുന്നതുപോലെ ഇനി ഒപ്പു വെക്കുവാനുള്ള സമയമായി. പൗലൊസിന്റെ പല ലേഖനങ്ങളും പറഞ്ഞുകൊടുത്ത് മറ്റൊരാളെക്കൊണ്ട് എഴുതിക്കുകയായിരുന്നു (റോമ. 16:22). എന്നാൽ ചില ലേഖനങ്ങൾ പൗലൊസ് എഴുതിയതല്ലെങ്കിലും, പൗലൊസിൽ "നിന്ന്" എന്നെഴുതിയവയും കാണാം (2 തെസ്സ. 2:2), അതുകൊണ്ട്, അവസാനം, ഏതാനും വാക്കുകൾ തന്റെ **സ്വന്ത കയ്യാൽ** എഴുതുന്നു എന്നു പറഞ്ഞിരിക്കുന്നു, അത് **തിരിച്ചറിയുവാനുള്ള അടയാളമായി**, അത് ശരിക്കും അവന്റേതാണെനന്ന് ഉറപ്പുവരുത്തുന്നു. സ്വന്ത കയ്യാൽ എന്നതിന്റെ ഗ്രീക്ക് വാക്ക് τῇ ἐμῇ χειρὶ Παύλου (*ടെയി എമെയി കെയിരി പൗലോവ്*).

ആകയാൽ വായനക്കാർ, ലേഖനം പൗലൊസിന്റേതു തന്നെയാണോ എന്ന റിയുവാന് ഈ "അടയാളം" നോക്കേണ്ടിയിരുന്നു (ഗലാ. 6:11; 1 കൊ. 16:21; കൊലൊ. 4:18 താരതമ്യം ചെയ്യുക). തന്റെ കയ്യെഴുത്ത് ശൈലി നോക്കുവാനായിരുന്നു വാക്യം 17 ലും 18 ലും പറയുന്നത്. അന്നുമുതൽ പൗലൊസിന്റെ കയ്യെഴുത്ത് ശൈലി നോക്കി വേണം ലേഖനം അവന്റേതെന്ന് ഉറപ്പിക്കുവാൻ എന്നർത്ഥം.

**വാക്യം 18.** ഇവിടത്തെ വാക്കുകൾ 1 തെസ്സലൊനിക്യർ 5:28 ലേതുപോലെ തന്റെയാണ്. അത്തരം പ്രാർത്ഥനയോടുകൂടിയാണ് പൗലൊസ് പൊതുവിൽ ലേഖനം അവസാനിപ്പിക്കുന്നത്. വാസ്തവത്തിൽ, 2 കൊരിന്ത്യർ 13:14 വായിക്കുന്നു, "കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും, ദൈവസ്നേഹവും, പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ." അങ്ങനെ തെല്ലലൊനിക്യർക്ക് എല്ലാ അനുഗ്രഹങ്ങളും ദൈവ **കൃപയാൽ**, അഥവാ അനർഹമായ ഉപകാരമായി ലഭിക്കുന്നത്.

## പ്രായോഗികത

ഈ അവസാന അദ്ധ്യായം "ഒരു ഓർമ്മിപ്പിക്കൽ" ആണ്. അതിൽ പുതുതായി ഒന്നുമില്ല. ഒന്നാമത്തെ ലേഖനത്തിലും, ഈ ലേഖനത്തിന്റെ ആരംഭത്തിലും പൗലൊസ് പറഞ്ഞത് ഇവിടെ ആവർത്തിക്കുകയാണ്.

പൗലൊസിന്റെ ലേഖനങ്ങളുടെ രീതിയനുസരിച്ച്, ലേഖനത്തിലെ രണ്ടാമത്തതെ ഭാഗം, പ്രായോഗിക ഭാഗമാണ്. "ഒടുവിൽ" എന്ന് ഈ ഭാഗത്തിന്റെ ആരംഭത്തിൽ പറയുന്നത്, ലേഖനം എഴുതുവാനുള്ള കാരണം വ്യക്തമാക്കി കഴിഞ്ഞു എന്നാണ്, പിന്നെ പറയുന്നത് "അവശേഷിക്കുന്ന" കാര്യങ്ങളാണ്, അത് സമർപ്പിക്കപ്പെട്ട പ്രായോഗികതയെ വെളിപ്പെടുത്തുന്നു. "അവസാനമായി" എന്നതിന്റെ ആശയം "ശേഷിക്കുന്നത്" എന്നാണ്.

### "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ" (3:1, 2)

വർത്തമാന കാലത്തിലാണ് പൗലസെ് പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടത്. തെസ്സലൊ1നിക്യയിലുള്ളവർ പൗലൊസിന് വേണി പ്രാർത്ഥിച്ചിരുന്നതായി അവൻ കേട്ടു, അവർ അതു തുടരുവാൻകൂടെയാണ് അവൻ അപേക്ഷിച്ചത്.

പ്രത്യേകമായി, തനിക്ക് വേണ്ടി പ്രാർത്ഥിപ്പാൻ പൗലൊസ് ആവശ്യപ്പെട്ടിരുന്നു.അത്തരം പ്രാർത്ഥനകൾ ആവശ്യപ്പെടാത്തവരായി നമ്മിൽ ആരുള്ളു?

"*ആത്മാർത്ഥ ഹൃദയങ്ങളിലേക്ക് വചനം എത്തുവാനായി പ്രാർത്ഥിക്കുക.*" സുവിശേഷം "വേഗത്തിൽ വ്യാപിക്കുവാൻ" ആഗ്രഹിച്ചിരുന്നു. ഗ്രീക്ക് വാക്ക് τρέχω (*ട്രെക്കോ*) അർത്ഥം, "ഓടുക." "വേഗത്തിൽ വ്യാപിപ്പിക്കുക" "മഹത്വപ്പെടുത്തുക" എന്ന വാക്കുകൾ വർത്തമാനകാലത്തിലാണ്, അത് സൂചിപ്പിക്കുന്നത്, തടസം കൂടാതെ സുവിശേഷ പ്രവർത്തനം നടത്തുകയും, കർത്താവിന്റെ വചനം അങ്ങനെ പൂർണ് ണമായും മുന്നേറുവാൻ പ്രവർത്തിക്കുക എന്നതാണ്.

"*സുരക്ഷിതമായി സേവിക്കുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കുക.*" ആ സമയത്ത് തനിക്കെതിരായി ചില ശത്രുക്കൾ പ്രവർത്തിക്കുന്നതിൽനിന്നു തന്നെ വിടുവിക്കുന്നതിനായിരിക്കാം പൗലൊസ് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെട്ടത്. കൊരിന്ത്ൽ യെഹൂദന്മാർ നിമിത്തമുണ്ടായ കുഴപ്പമമായീരിക്കാം പൗലൊസിന്റെ മനസിൽ-അവർ അപ്പൊസ്തലന്റെ ഉപദേശത്തെ എതിർത്തിരുന്നു (പ്രവൃ. 18:1-18). തെസ്സലൊനിക്യയിലും ബെരോവയിലും അവനെ എതിർത്തവരുമാകാം (പ്രവൃ. 17:5, 13).

എല്ലാവർക്കും വിശ്വാസം ഇല്ലാത്തതിനാൽ, എതിർപ്പ് വരുമെന്ന് പൗലൊസിന് അറിയാമായിരുന്നു. നമ്മുടെ ഇന്നത്തെ സാഹചര്യവും അതിനേക്കാൾ മെച്ചമല്ല.

പ്രാർത്ഥനയിൽ, നമ്മുടെ പ്രത്യേക ആവശ്യങ്ങൾ എന്തെല്ലാമാണ്? മറ്റുള്ളവരോട് പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുമ്പോൾ, നമ്മുടെ പ്രധാന വിഷയങ്ങൾ എന്തേല്ലാമായിരിക്കണം.? തീർച്ചയായും, നമമുടെ ലിസ്റ്റിലും ഈ രണ്ടു കാര്യങ്ങൾ തന്നെയാണ് ഉയർന്നു നിൽക്കേണ്ടത്. ഈസി

**"ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുക" (3:1, 2)**

ദൈവം പ്രാർത്ഥനക്ക് ഉത്തരമരുളുമെന്ന് പൗലൊസ് ശക്തമായി വിശ്വസിച്ചിരുന്നു. അവൻ അടിക്കടി സഭയ്ക്കു വേണ്ടി പ്രാർത്ഥിക്കയും, തനിക്ക് വേണ്ടി പ്രാർത്ഥിക്കുവാൻ പൗലൊസ് സഭയോട് ഇടക്കിടക്ക് ആവശ്യപ്പെടുകയും ചെയ്തിരുന്നു. ആരാധനയിൽ, നാം ദൈവത്തോട് സംസാരിക്കുന്ന പ്രവൃത്തിയാണ് പ്രാർത്ഥന. പ്രാർത്ഥിക്കുമ്പോൾ, നാം നമ്മുടെ നന്ദി, ആവശ്യങ്ങൾ എന്നിവ ദൈവത്തോട് പറയും, ചിലപ്പോൾ നമ്മുടെ വികാരങ്ങൾ പ്രകടിപ്പിക്കയും ചെയ്യും. "നീതിമാന്റെ ശ്രദ്ധയോടുകൂടിയ പ്രാർത്ഥന വളരെ ഫലിക്കും" (യാക്കൊ. 5:16). താഴെ കൊടുത്തിരിക്കുന്ന കാര്യങ്ങൾക്ക് വേണിയാണ് പൗലൊസ് തെസ്സലൊനിക്യരോട് പ്രാർത്ഥിപ്പാൻ ആവശ്യപ്പെട്ടത്:

*"കർത്താവിന്റെ വചനം വേഗത്തിൽ വ്യാപിക്കുവാൻ"* (വാ. 1). "കർത്താവിന്റെ വചനം" സുവിശേഷം ആണ് (1 തെസ്സ. 2:8). യേശുവിന്റെ സുവാർത്ത അതി വേഗം ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് വ്യാപിച്ച് മുമ്പത്തേക്കാളധികം പേരിലേക്ക് എത്തുവാൻ പൗലൊസ് ആഗ്രഹിച്ചു. റിലേ ഓട്ടത്തിൽ ഒരാളിൽനിന്ന് മറ്റൊരാളിലേക്ക് ബാറ്റൻ കൈമാറുന്നത് ഊഹിക്കുക; അതുപോലെ വേഗത്തിൽ സുവിശേഷം വ്യാപിക്കുവാനായിരുന്നു പൗലൊസ് താൽപര്യപ്പെട്ടത്. സങ്കീർത്തനങ്ങൾ 147:15 ൽ ദൈവത്തെ കുറിച്ച് പറയുന്നു, "അവൻ തന്റെ ആജ്ഞ ഭൂമിയിലേക്ക് അയക്കുന്നു;അവന്റെ വചനം അതിവേഗം ഓടുന്നു."

*"കർത്താവിന്റെ വചനം ... മഹിമപ്പെടുവാനും."* (വാ. 1). "മഹിമപ്പെടുക" സുവിശേഷം കേൾക്കുന്നവർ സുവിശേഷത്തിന്റെ വില ഗൗരവമായി എടുക്കയും, അത് ദൈവത്തിന്റെ സന്ദേശമായി സ്വീകരിക്കകയും വേണം, അല്ലാതെ

അത് ചില മനുഷ്യരുടെ തത്വമായിട്ടല്ല കൈക്കൊള്ളേണ്ടത്.

തെസ്സലൊനിക്യർ വചനത്തെ നന്നായി സ്വീകരിച്ചു, അതിന് പൗലൊസ് അവരെ അഭിനന്ദിക്കുകയും ചെയ്തു (വാ. 1). കർത്താവിന്റെ വചനം അവർ എടുത്ത് ഉയർത്തി മഹിമപ്പെടുത്തി. ഇതുപോലെ ചിലത് പൗലൊസ് 1 തെസ്സലൊനിക്യർ 2:13 ൽ പറഞ്ഞിരിക്കുന്നു, "ഞങ്ങൾ പ്രസംഗിച്ച വചനം നിങ്ങൾ കേട്ടു, ദൈവവചനമായിട്ടുതന്നെ കൈക്കൊണ്ടതിനാൽ ഞങ്ങൾ ദൈവത്തെ ഇടവിടാതെ സ്തുതിക്കുന്നു." സുവിശേഷത്തെ ദൈവത്തിന്റെ സന്ദേശമായി സ്വീകരിക്കുക എന്നത് പ്രധാനപ്പെട്ട കാര്യമാണ്. "സുവിശേഷം രക്ഷക്കുള്ള ദൈവശക്തിയാകുന്നു" (റോമ. 1:16).

"*വല്ലാത്തവരും ദുഷ്ടന്മാരുമായവരുടെ കയ്യിൽനിന്നു വിടുവിക്കേണതിനും; എല്ലാവർക്കും വിശ്വാസം ഇല്ലല്ലൊ*" (വാ. 2). എല്ലാവരും സത്യം സ്വീകരിക്കുന്നില്ല. എല്ലാവരേയും വിശ്വസിപ്പാനാണ് വിളിക്കുന്നത്. പക്ഷെ ആ അവസരം എല്ലാവരും ശരിയായി ഉപയോഗിക്കുന്നില്ല. പൗലൊസിന്റെയും സഹപ്രവർത്തകരുടേയും സുവിശേഷം തിരസ്ക്കരിച്ചവരോട് അതിന്റെ അപകടത്തെ കുറിച്ച് സംസാരിച്ചിരുന്നു. "വല്ലാത്തവരും ദുഷ്ടന്മാരുമായവർ" എന്നു പറഞ്ഞിരിക്കുന്നത് യേശുക്രിസ്തുവിന്റെ സന്ദേശം സ്വീകരിക്കാതിരുന്ന യെഹൂദന്മാരെ കുറിച്ച് ആയിരിക്കാം. അവർ പൗലൊസിനേയും കൂട്ടരെയും ഇടക്കിടക്ക് എതിർത്തുകൊണ്ടിരുന്നു.

പ്രവൃത്തികൾ 17 ൽ, യവനന്മാരായ ആളുകളുടെ വിജയതകരായ പ്രതികരണത്തിൽ പൗലൊസ് സന്തോഷിച്ചു, എന്നാൽ വിശ്വസിക്കാതിരുന്ന യെഹൂദന്മാർ "ചന്തസ്ഥലത്തു നിന്നു ചില ദുഷ്ടന്മാരെ കൂട്ടി അവരോട് എതിർത്തു" (പ്രവൃ. 17:5). ഒരുപക്ഷെ ഇതോ അല്ലെങ്കിൽ ഇതുപോലെയുള്ള മറ്റേതെങ്കിലും സംഭവമോ ആയിരിക്കാം വാക്യം 2 എഴുതുമ്പോൾ പൗലൊസിന്റെ മനസിൽ ഉണ്ടായിരുന്നത്. കാരണം, ആ കുഴപ്പം കാരണമായിരുന്നു അവന് അവിടം വിട്ട് ബെരോവയിലേക്ക് പോകേണ്ടി വന്നത്.

കൊരിന്തിൽ, പൗലൊസ് യെഹൂദന്മാരുടെ കുറ്റാരോപണം നിമിത്തം ഗലിയോയ്ക്ക് മുൻപിൽ വിചാരണക്ക് വിധേയനാക്കപ്പെട്ടു. ലൂക്കൊസ് എഴുതി, "ഗല്ലിയോൻ അഖായയിൽ ദേശാധിപതിയായി വാഴുമ്പോൾ യെഹൂദന്മാർ പൗലൊസിന്റെ നേരെ ഒരുമനപ്പെട്ട് എഴുന്നേറ്റു അവനെ ന്യായാസനത്തിന് βῆμα [*ബെമാ*] മുമ്പാകെ കൊണ്ടുവന്നു" (പ്രവൃ. 18:12). അത്തരം ആളുകളിൽ നിന്നു തന്നെ "വിടുവിക്കേണ്ടതിന്ന്" പ്രാർത്ഥിപ്പാൻ പൗലൊസ് ആവശ്യപ്പെട്ടതിൽ ആശ്ചര്യമില്ല.

പ്രത്യേക പ്രശ്നങ്ങൾ നേരിട്ട തെസ്സലൊനിക്യർ പ്രാർത്ഥിക്കേണ്ടിയിരുന്നതുപോലെ, നമ്മുടെ സാഹചര്യങ്ങളിലും വചനം വ്യാപിപ്പിക്കുന്നതിന് തടസം നിൽക്കുന്ന "ദുഷ്ട മനുഷ്യരിൽനിന്ന്" വിടുവിക്കപ്പെടേണ്ടതിന്ന് നാമും പ്രാർത്ഥിക്കണം. ലോകം മുഴുവൻ സുവിശേഷം വ്യാപിക്കുവാനായി നാം പ്രാർത്ഥിക്കണം, അതിൽ പ്രത്യേക രാജ്യങ്ങളിലും, പ്രത്യേക സമൂഹങ്ങളിലും വചനം എത്തുവാനും, അവർ ക്രിസ്തു മുഖാന്തരമുള്ള ദൈവത്തിന്റെ സൗജന്യമായ രക്ഷ സ്വീകരിക്കുവാനും പ്രാർത്ഥിക്കണം. കൂടാതെ വിടുവിക്കപ്പെടുവാനും നാം പ്രാർത്ഥിക്കണം. വിവിധ രാജ്യങ്ങളിൽ വ്യത്യസ്ത രീതിയിലുള്ള മത സ്വാതന്ത്ര്യമാണ് നിലനിൽക്കുന്നത്, എന്നാൽ ക്രിസ്ത്യാനികൾ എവിടെയായിരുന്നാൽ, അവിടെ ദൈവ വചനത്തെ എതിർക്കുന്നവർ കാണും. നമുക്ക് പരസ്യമായും, രഹസ്യമായും, ഇടവിടാതെ പ്രാർത്ഥിക്കാം,

അങ്ങനെ ഭൂമിയുടെ അറ്റത്തോളം ദൈവ വചനം വ്യാപിക്കുവാനുള്ള സാഹചര്യം ലഭ്യമാകട്ടെ. ഈഈ

**"കർത്താവ് വിശ്വസ്തൻ" (3:3)**

വാക്യം 2 ന്റെ അവസാനം, പൗലൊസ് എഴുതി, "എല്ലാവർക്കും വിശ്വാസം ഇല്ലല്ലൊ." വാക്കുകൾ കൊണ്ട് ആമ്മാനമാടുന്നതുപോലെ, പിന്നെ അവൻ പറഞ്ഞു, "എന്നാൽ കർത്താവ് വിശ്വസ്തൻ." വിശ്വസ്തത സൂക്ഷിപ്പാൻ കഴിയാത്ത ദുഷ്ട മനുഷ്യനിൽ നിന്നു വ്യത്യസ്തമാട്ടാണ് കർത്താവിന്റെ വിശ്വസ്തത നിലനിൽക്കുന്നത്. "കർത്താവ് വിശ്വസ്തൻ" എന്നതിന്റെ അർത്ഥം എന്താണ്?

*നമുക്ക് അവനിൽ ആശ്രയിക്കാം.* ആളുകൾ സാധാരണ വാഗ്ദാനങ്ങൾ ലംഘിക്കും. ദൈവം ഒരിക്കലും അങ്ങനെ ചെയ്യുകയില്ല (റോമ. 3:4; 1 കൊരി. 1:9; 2 കൊ. 1:18; 1 തെസ്സ. 5:24; എബ്രാ. 6:18). എല്ലാവരുടേയും ആവശ്യങ്ങളോട് അവൻ പ്രതികരിക്കും എന്നറിഞ്ഞ് എല്ലാ ക്രിസ്ത്യാനികളും എല്ലാവർക്ക് വേണ്ടിയും പ്രാർത്ഥിക്കണം.

*അവൻ നമ്മെ "ശക്തീകരിക്കും."* ദൈവം സർവ്വശക്തനാണ്. യേശു പറഞ്ഞു, "ദൈവത്തിന് സകലവും സാധ്യമല്ലൊ" (മത്താ. 19:26). "ശക്തിപ്പെടുത്തുക" എന്നതിന്റെ ഗ്രീക്ക് വാക്ക് στηρίζω (*സ്റ്റെരിസോ*), അർത്ഥം സ്ഥിരപ്പെടുത്തുക അല്ലെങ്കിൽ, ഉറപ്പിക്കുക, താങ്ങുക എന്നാണ്. ജലപ്രളയത്തിൽനിന്നു ആയിരക്കണക്കിന് മണൽച്ചാക്കുകൾ സംരക്ഷിക്കുന്നതുപോലെ, ദൈവം നമ്മെ താങ്ങും. അവസാനത്തോളം നമ്മോടുകൂടെ ഉണാകുമെന്നാണ് ക്രിസ്തു നമ്മോട് വാഗ്ദാനം ചെയ്തത് (മത്താ. 28:20). "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിലും മതിയായവൻ" എന്ന് പൗലൊസ് എഴുതിയപ്പോൾ ദൈവിക താങ്ങ് അവന് അറിയാമായിരുന്നു (ഫിലി. 4:13).

*അവൻ നമ്മെ "സംരക്ഷിക്കും."* "ദുഷ്ടനിൽനിന്ന്" തെസ്സലൊനിക്യരെ ദൈവം സംരക്ഷിക്കുമെന്ന് പൗലൊസ് എഴുതി. ഗ്രീക്ക് വാക്ക് πονηρός (*പോണെറോസ്*), അർത്ഥമാക്കുന്നത്, പൗതുവിൽ ദുഷ്ടത എന്നോ അല്ലെങ്കിൽ എൻഏഎസ്ബിയിലേതുപോലെ "ദുഷ്ടൻ" എന്നോ ആണ്. "ദുഷ്ടൻ" എന്നു പറയുന്നത് സാത്താൻ ആണ് (എഫെ. 6:16 നോക്കുക). "ദുഷ്ടത" എന്നു പറയുന്നത് സാത്താന്റെ പ്രവൃത്തി ആണ്. ഉപദ്രവകാരിയിൽനിന്നു ദൈവം തന്റെ ജനത്തെ സംരക്ഷിക്കുമെന്നതാണ് ഇവിടത്തെ ഭാവന.

പരീക്ഷണങ്ങളെ അതിജീവിക്കുവാൻ ദൈവം നമുക്ക് ശക്തി പകരും. നമുക്ക് നേരിടുവാനുള്ള ശക്തി ഇല്ലാത്തതിനാൽ, അവൻ തന്റെ ശക്തിയാൽ നമ്മെ താങ്ങും. ഇതേ തരത്തിലുള്ള വാക്കുകളാൽ പൗലൊസ് കൊരിന്ത്യൻ സഹോദരന്മാരെ ഉത്തേജിപ്പിടച്ചു, "മന്ഷ്യർക്ക് നടപ്പല്ലാത്ത പരീക്ഷ നിങ്ങൾക്ക് നേരിട്ടിട്ടില്ല, ദൈവം വിശ്വസ്തൻ, നിങ്ങൾക്ക് കഴിയുന്നതിന് മീതെ പരീക്ഷ നേരിടുവാൻ സമ്മതിക്കാതെ, നിങ്ങൾക്ക് സഹിപ്പാൻ കഴിയേണതിന്ന്പരീക്ഷയോടുകൂടെ അവന പോക്കുവഴിയും ഒരുക്കും" (1 കൊ. 10:13). പരീക്ഷിക്കപ്പെടുമ്പോൾ, നാം അതിൽനിന്നു പുറത്തുകടക്കുവാൻ നോക്കും, എന്നാൽ ദൈവം നമ്മോട് വിശ്വസ്തത പുലർത്തി, നാം ശക്തരായി നിലനിൽക്കുവാൻ അവൻ നമ്മെ ശക്തീകരിക്കും. ഈഈ

### **“കർത്താവിൽ ഞങ്ങൾ ഉറച്ചിരിക്കുന്നു” (3:4)**

താൻ അവർക്ക് നൽകിയ കൽപനകൾ തെസ്സലൊനിയർ അനുസരിക്കുമെന്ന് ഉറപ്പ് പൗലൊസിന് ഉണ്ടായിരുന്നു. എന്തുകൊണ്ടാണ് പൗലൊസിന് അത്തരം ഉറപ്പുണ്ടായത്? തന്റെ ഉപദേശം അവർ സ്വീകരിക്കുമെന്നത് പൗലൊസിന് ഉറപ്പിക്കുവാനായി അവർ എന്താണഅ ചെയ്തുകൊണ്ടിരുന്നത്?

*പൗലൊസിന്റെ ഉറപ്പ് “കർത്താവിൽ” ആയിരുന്നു.* അവൻ അവരെ വിശ്വസിക്കുവാനുള്ള കാരണം, അവർ “കർത്താവിൽ” അനുസരണമുള്ള വിശ്വാസികളായിരുന്നു. നമുക്കും “കർത്താവിലുള്ള” വിശ്വാസികളെ കുറിച്ച് ഉറപ്പുണ്ടാകണം, അവർ ക്രിസ്തീയ തത്വങ്ങൾ പിൻപറ്റുമെന്ന് പ്രത്യാശിക്കാം. നമ്മുടെ ഉറപ്പ് ആളുകളിലല്ല, ദൈവത്തിൽ ആയിരിക്കണം. അവരെ ഇരുട്ടിൽനിന്ന് വെളിച്ചത്തിലേക്ക് കൊണുവന്നത് ദൈവമാണ് (കൊലൊ. 1:13; 1 യോഹ. 1:7).

*താൻ കൽപിച്ചത് അവർ ചെയ്യുമെന്ന് പൗലൊസ് വിശ്വസിച്ചു.* അവന്റെ കൽപനകൾ അവന്റേതായിരുന്നില്ല (1 കൊ. 14:37). അവ ദൈവത്തിൽ നിന്നു ലഭിച്ച “പ്രമാണങ്ങൾ” അഥവാ കൽപനകൾ ആയിരുന്നു (2 തെസ്സ. 2:15). പരീക്ഷണങ്ങളിൽ സ്ഥിരത കാണിച്ച്, ആ പ്രമാണങ്ങൾ മുറുകെ പിടിച്ചാണ് അവർ ജീവിച്ചത് (1:4).

*താൻ കൽപിച്ചത് അവർ തുടർന്നും ചെയ്യുമെന്ന് പൗലൊസ് വിശ്വസിച്ചു.* അവർ വാസ്തവത്തിൽ പരിവർത്തനം ചെയ്തവരായിരുന്നു, ബുദ്ധിമുട്ട് അനുഭവപ്പെടുമ്പോഴും അവർ തുടർച്ചയായി സഹിക്കുമെന്നും. കൂടാതെ “ക്രമം കെട്ടവരിൽനിന്നും” “അകന്നുകൊൾവിൻ” എന്നതായിരുന്നു പൗലൊസിന്റെ മനസിൽ ഉണായിരുന്നത്. വാക്യം 6 ൽ അവൻ പറയുവാൻ പോകുന്നത് അതായിരുന്നു. താൻ നൽകിയ ഒരു കൂട്ടം നിയമങ്ങളെ അനുസരിക്കുവാനായിരുന്നില്ല അവൻ ആഗ്രഹിച്ചത്, മറിച്ച്, ശരിയായത് ചെയ്യുവാനുള്ള അവരുടെ കഴിവിൽ അവവൻ ആശ്രയിച്ച്, ക്രമ വിരുദ്ധമായി ജീവിക്കുന്നവർ അത് തുടരുകയാണെങ്കിൽ സഹോദരങ്ങൾക്കെതിരെ അച്ചടക്കനടപടി എടുക്കുവാനുള്ള ധൈര്യവും അവർ പ്രകടിപ്പിക്കുമെന്ന് അവൻ വിശ്വസിച്ചു.

നമ്മെ സംബന്ധിച്ചോ? പ്രയാസമുള്ള കൽപനകൾ നാം അനുസരിക്കുന്നുണ്ടോ? നാം പലപ്പോഴും അടിസ്ഥാനപ്രമാണങ്ങൾ പ്രമാണിക്കും: പാപമോചനത്തിനുള്ള സ്നാനം, “ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലെ” സഭായോഗം, സഭയിൽ മൂപ്പന്മാരേയും ശുശ്രൂഷകന്മാരെയും തിരഞ്ഞെടുക്കൽ. പ്രയാസമുള്ള കൽപനകളയോ? അനുസരണക്കകേട് നാം നിരുൽസാഹപ്പെടടുത്താറുണ്ടോ? ഒരു സഹോദരനോ സഹോദരിക്കോ, കുടുതൽ ആവശ്യമുള്ള സമയത്ത് നാം അതു നൽകുന്നുണ്ടോ? “ഏറ്റവും പ്രയാസമുള്ള ഘട്ടത്തിലും അവൾ എന്റെ കൽപനകൾ പ്രമാണിക്കുമെനന്ന് ദൈവത്തിന് പറയുവാൻ കഴിയുന്ന ഒരു ഇടവയായി നമുക്ക് തീരാം!” ഈഈ

### **നമ്മുടെ ഹൃദയങ്ങളെ കർത്താവിലേക്ക് തിരിക്കൽ (3:5)**

തെസ്സലൊനിക്യരുടെ സമർപ്പണജീവിതത്തിൽ പൗലൊസിനുണ്ടായിരുന്ന ഉറപ്പ് നിമിത്തം അവരെ തുടർച്ചയായി പ്രോൽസാഹിക്കുകയായിരുന്നു, അവരെ സഹായിക്കുവാൻ ക്രിസ്തുവിനേട് അവരുടെ ചിന്തകളും, ഇഷ്ടങ്ങളും വികാരങ്ങളും കർത്താവിങ്കലേക്ക് തുടർന്നും തിരിക്കുവാൻ അവൻ അപേക്ഷിക്കുകയും ചെയ്തു. നാമും നമ്മുടെ ഹൃദയങ്ങളെ കർത്താവിങ്കലേക്ക് തിരിക്കണം ...

*“ദൈവ സ്നേഹത്തിലേക്ക്.”* ദൈവത്തിന് നമ്മോടുള്ള സ്നേഹത്തെ കുറിച്ച് പൗലൊസ് പറഞ്ഞിരിക്കുന്നു (റോമ. 5:5. 6). അവന്റെ സ്നേഹമാണ് അവനെ തിരിച്ച് സ്നേഹിക്കുവാൻ പ്രചോദിപ്പിക്കുന്നത് (2 കൊ. 5:14, 15). അവനെ നാം സ്നേഹിക്കുമ്പോൾ, അവന്റെ കൽപനകളെ കാത്തുകൊൾകയും അനുസരിക്കുകയും ചെയ്യും (യോഹ. 14:23).

*“ക്രിസ്തുവിന്റെ സ്ഥിരതയിലേക്ക്.”* ക്രിസ്തു കാണിച്ച അതേ സഹിഷ്ണുത സഭ കാണിക്കുവാനാണ് പൗലൊസ് ആഗ്രഹിച്ചത്. ടെശുവിന്റെ കുടുംബാംഗങ്ങൾ അവനെ പരിഹസിക്കുകയും, മതാധിപന്മാർ അവനെ തല്ലുകയും, ഒരു ശിഷ്യൻ അവന തള്ളിപ്പറകയും ചെയ്തു. തന്റെ സ്വന്ത ജനം അവനെ ക്രൂശിൽ ആണിയടിക്കുവാൻ ഏൽപിച്ചു കൊടുത്തു. ഇത്രയൊക്കെയായിട്ടും, നമ്മുടെ രക്ഷക്കു വേണ്ടി മരിപ്പാൻ അവൻ തയ്യാറായി.

നമ്മുടെ “നോട്ടം യേശുവിൽ” ആയിരിക്കണം. അല്ലാതെ ജീവിതത്തിൽ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതികൂലങ്ങളിലാകരുത് (എബ്രാ. 12:2). നാം എന്തു പ്രശ്നമാണ് അഭിമുഖീകരിക്കുന്നത്? ആ പ്രശ്നം, വീട്ടിലായാലും, സഭയിലായാലും, ജോലിസ്ഥലത്ത് ആയാലും നമ്മുടെ കണ്ണുകൾ ക്രിസ്തുവിലായിരിക്കണം. സഹിക്കുവാനാവശ്യമായ ശക്തി അവൻ നമുക്ക് തരും. ഈഈ

**നമുക്ക് വേണി ദൈവത്തിന് എന്തു ചെയ്യുവാൻ കഴിയും (3:3-5)**

സഹോദരന്മാരെ പ്രോൽസാഹിപ്പിക്കുവാനുള്ള ഒരു വഴി, ദൈവത്തിന്റെ വിശ്വസ്തത അവരുടെ മുമ്പിൽ വെച്ചുകൊടുക്കുക എന്നതാണ്. ഈ ഓർമ്മിപ്പിക്കലോടുകൂടെയാണ് പൗലൊസ് തന്റെ ലേഖനം ആരംഭിക്കുന്നത്. അവരുടെ സാഹചര്യങ്ങളിൽ ആവശ്യമായത് ചെയ്യുവാൻ ദൈവം ആ സഹോദരങ്ങളോടൊപ്പം ഉണ്ടാകുമെന്നാണ് പൗലൊസ് അവരെ പ്രബോധിപ്പിച്ചത്.

“*അവൻ തന്റെ ശക്തി നിങ്ങൾക്ക് നൽകും.*” അവർ വിശ്വാസത്തിലും, സത്യത്തിലും നിലനിന്നാൽ ദൈവം അവരെ ഉത്തേജിപ്പിക്കും. അവൻ തന്റെ മക്കളെ സ്ഥിരപ്പെടുത്തും.

*“അവൻ നിങ്ങളെ ദുഷ്ടനിൽനിന്നു സംരക്ഷിക്കും.”* അവന്റെ വിശ്വസ്തതയാണ് അവരെ ദുഷ്ടനിൽനിന്നു സംരക്ഷിക്കുന്നത്. ആരെയൊക്കെ വിഴുങ്ങാമോ എന്നു വെച്ച് പിശാച് ഊടാടി നടക്കുകയാണ് (1 പത്രൊ. 5:8). യേശു മുഖാന്തരം നാം എപ്പോഴും ദൈവത്തിൽ മറഞ്ഞിരിക്കണം.

*“അവൻ നിങ്ങളുടെ ഹൃദയങ്ങളെ ദൈവസ്നേഹത്തിലേക്ക് നയിക്കും.”* ദൈവത്തിന് അവരോടുള്ള ആഴമേറിയ സ്നേഹവും, ദൈവത്തോടുള്ള അവരുടെ വലിയ സ്നേഹവും കൂടുതൽ മനസിലാക്കുവാൻ അവൻ സഹായിക്കും. തന്റെ സ്നേഹത്തിലേക്ക് നമ്മെ കൊണ്ടുവരുവാനാണ് ദൈവം എപ്പോഴും ശ്രമിക്കുന്നത്.

“*അവൻ നിങ്ങളെ ക്രിസ്തുവിന്റെ സ്ഥിരതയിലേക്ക് നയിക്കും.*” ഇവിടത്തെ നല്ല തർജിമയാണ് “സ്ഥിരത.” അത് ക്ഷമയോടെ കാത്തിരിക്കലല്ല, പിന്നെയോ സഹിഷ്ണുതയോടെ നേരിടുന്നചാണ്. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ, പരീക്ഷണങ്ങളെ എല്ലാം സഹിഷ്ണുതയോടെ നേരിട്ട രീതി നാം നമ്മുടെ ജീവിതത്തിൽ പകർത്തുവാനാണ് അവൻ ആവശ്യപ്പെട്ടത്.

ദൈവം തന്റെ മക്കൾക്ക് എന്തു ചെയ്യും? അവൻ നമ്മെ സ്ഥിരരപ്പെടുത്തുകയും, ദുഷ്ടനിൽനിന്നു സംരക്ഷിക്കയും, അവന്റെ സ്നേഹത്തിലേക്കും, ക്രിസ്തുവിന്റെ സഹിഷ്ണുതയിലേക്കും നമ്മെ നയിക്കും, നാം സന്തുഷ്ട

രല്ലേ? നമ്മുടെ സ്വർഗീയ പിതാവ് എത്ര നല്ലവൻ! ഈസി

**ക്രമംകെട്ടവരെ കൈകാര്യം ചെയ്യൽ (3:6-12)**

ക്രിസ്ത്യാനികൾ ഒരു സമൂഹത്തിൽ എങ്ങനെ പെരുമാറണമെന്ന നിർദ്ദേശങ്ങളാണ് പൗലൊസ് തെസ്സലൊനിയർക്ക് നൽകിയത്. അവൻ അവരോട് എന്തു ചെയ്യുവാനാണ് പറഞ്ഞത്? സഹോദരന്മാർ ഒത്തൊരുമിച്ച് എങ്ങനെ കഴിയും?

*"ക്രമം കെട്ടവരിൽനിന്നും വിട്ടുനിൽക്കൽ."* അലസതയിൽ കഴി.യുന്ന സഹോദരനോടോ, അല്ലെങ്കിൽ ക്രമം കെട്ടു നടക്കുന്ന ഏതെങ്കിലും സഹോദരനോടോ കൂട്ടായ്മ പാടില്ല. "ക്രമം കെട്ടവർ" എന്ന വാക്ക് (കെജെവി) സൈനിക വാക്കാണ്, അർത്ഥം, "റാങ്കില് പുറത്ത് ആകുക" എന്നാണ്.

"നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ" ആണ് അവൻ തന്റെ കൽപന നൽകിയത്. പൗലൊസിന് ചെലുത്താവുന്ന ആധികാരികതയായിരുന്നു അത്. "അകന്നുകൊള്ളേണം" (കെജെവി) തകർന്നു പോയ തോണിയെ കയറുപയോഗച്ച് വലിച്ച് കെട്ടി നീക്കി കൊണുവരുന്ന ലജ്ജിപ്പിക്കുന്ന ചിത്രമാണ് നൽകുന്നത്. ക്രമം കെട്ട് ജീവിക്കുന്നവരുമായി നമുക്ക് ഒരു ബന്ധവുമില്ലാത്ത അവസ്ഥയിലാക്കുക എന്ന അർത്ഥമാണ് ഇവിടെ നൽകുന്നത്.

മനുഷ്യന്റെ അലസത സൂചിപ്പിക്കുന്നത്, ദൈവശ്വാസിയ സന്ദേശത്തെ തിരസ്ക്കരിക്കലാണ്. വേല ചെയ്യുവാൻ മനസില്ലാത്ത സഹോദരനുമായി കൂട്ടായ്മ അല്ലെങ്കിൽ സംസർഗം പാടില്ല.

*"ഞങ്ങളെ അനുകരിക്കുക."* പൗലൊസ് അവരോടുകൂടെ ആയിരുന്നപ്പോൾ, അവൻ ശരിയായ പെരുമാറ്റം കാണിച്ചു കൊടുത്തിരുന്നു. ആകയാൽ വേല ചെയ്യുവാൻ മനസില്ലാത്തവർക്ക് ആഹാരം നൽകരുത് എന്ന് വിലക്കിയിരുന്നു. വേല ചെയ്യുവാൻ മനസില്ലാത്ത അലസനായ വ്യക്തിയെ കുറിച്ചാണഅ പൗലൊസ് പറയുന്നത്. മറ്റുള്ളവരുടെ ചെലവിൽ അങ്ങനെയുള്ള ആൾ ആഹാരം കഴിക്കരുത്. വാസ്തവത്തിൽ, അവർ അയാളെ ശാസിക്കണമായിരുന്നു.

ഇവിടെ നമുക്ക് എല്ലാവർക്കും ഉണ്ടായിരിക്കേണ്ട ഉത്തരവാദിത്തം ഇതാ; ആരും അതിനെ നിഷേധിക്കരുത്. തന്റെ കടമ നിർവ്വഹിക്കുവാൻ കൂട്ടാക്കവരെ ക്രിസ്ത്യാനികൾ ശാസിക്കണം. ഒരിക്കൽ അയാളെ ശാസിച്ചുകഴിഞ്ഞാൽ, പിന്നെ അയാളെ വ്രണപ്പെടുത്താതെ, നുറുങ്ങിയ ജീവിതത്തെ സ്നേഹത്തിലും സൗമ്യതയിലും തിരിച്ചുകൊണ്ടുവരുവാനാണ് ശ്രമിക്കേണ്ടത്. ഈസി

**ക്രമം കെട്ടവരിൽനിന്നും അകന്നു നിൽക്കൽ (3:6-18)**

തന്റെ ജനത്തെ മിസ്രയിമിൽനിന്നു വിടുവിച്ചുകൊണുവരുവാൻ ദൈവം മോശെയോട് ആജ്ഞാപിച്ചു (പുറ. 3:10). താൻ ദൈവത്തിന് വേണിയാണ് സംസാരിക്കുന്നത് എന്ന് അവരെ ബോധ്യപ്പെടുത്തുവാൻ ദൈവശക്തിയാൽ അവൻ ധാരാളം അത്ഭുതങ്ങൾ അവർ കാൺകെ ചെയ്തു. എങ്കിലും മരുഭൂമിയിൽ ദൈവജനം അലഞ്ഞു തിരിഞ്ഞ് നടന്നപ്പോൾ, കോരഹും, ദാഥാനും, അബീരാമും മോശെയോടും അവന്റെ സഹോദരൻ അഹരോനോടും മൽസരിച്ചു (സംഖ്യ. 16:3). ആ മനുഷ്യർ ക്രമം കെട്ടു നടക്കുന്നവരും ദൈവദാസന്മാരോട് മൽസരിക്കുന്നവരുമായിരുന്നു. അവരുടെ മൽസരം നിമിത്തം, ദൈവം സഭയോട് പറഞ്ഞു, "ആ ദുഷ്ട മനുഷ്യരുടെ കൂടാരങ്ങളിൽനിന്നു മാറിപപോകുവാൻ" (സംഖ്യ. 16:26). അതായത്, "അവരിൽനിന്നും അകന്നുകൊൾവിൻ." പിന്നെ യഹോവ ഭൂമി പിളർന്ന് അവരെയും അവർക്കുള്ള സകലത്തെയും

വിഴുങ്ങി കളകയും, അവർ ജീവനോടെ പാതാലത്തിലേക്ക് ഇറങ്ങുകയും ചെയ്തു (സംഖ്യ. 16:31–33).

ദൈവം ആവശ്യപ്പെടുന്നതിനെ നാം ഗൗരവത്തോടെ കാണുകയും അനുസരിക്കുകയും വേണം. അനുസരിക്കാതിരിക്കുന്നവരെ ചിലപ്പോൾ ദൈവം നേരിട്ട് ശിക്ഷിക്കും (സംഖ്യ. 16). മറ്റു ചിലപ്പൾ തന്റെ ജനം അച്ചടക്കം വരുത്തണമെന്ന് ആവശ്യപ്പെടും (2 തെസ്സ. 3). രണ്ടിലും, അനുസരണം കെട്ടവരെയും മൽസരികളെയും വേർതിരിച്ചു കാണിച്ചിരിക്കുന്നു.

*"ക്രമം കെട്ട ജീവിതത്തിന്റെ അർത്ഥം."* ഗ്രീക്ക് വാക്ക് ἀτάκτως (*അടാക്ടോസ്*), അതിന്റെ പൊതുവിലുള്ള അർത്ഥം, "നല്ല ക്രമത്തിന് എതിരായ, *ക്രമവിരുദ്ധമായ.*"[20] അത് ഒരു സൈനിക വാക്കാണ്, അർത്ഥം, "റാങ്കിനു പുറത്ത്"[21] എന്നുമാണെന്ന് റോബർട്സൺ പറഞ്ഞു.ദൈവത്തിന്റെ സൈന്യത്തിലെ ഒരു ഭടൻ നായകന്റെ കൽപനയെ അവഗണിക്കുന്ന ചിത്രമാണ് ഇത് നൽകുന്നത്. അഭക്ത സ്വഭാവത്തിന്റെ വിവിധ രൂപങ്ങൾ ബൈബിൾ വ്യക്തമാക്കുന്നു: ലൈംഗിക അധാർമ്മികത്വം, വിഗ്രഹാരാധന, മദ്യപാനം, വെറിക്കൂത്ത്, വാവിഷ്ഠാണം, പിടിച്ചുപറി, അലസത, പരദൂഷണം, ദുരുപദേശം തുടങ്ങിയവയാണ് (1 കൊ. 5:11; തിത്തൊ. 3:10; 2 തെസ്സ. 3:6–15; 2 യോഹ. 9–11). ഇതിൽ ഏതെങ്കിലും ഒരു പ്രവൃത്തിയോ, അല്ലെങ്കിൽ ദൈവത്തിന്റെ ഉപദേശത്തോട് മൽസരച്ചുചെയ്യുന്ന ഏതൊരു പ്രവൃത്തിയും ക്രമം കെട്ടതാണ്.

2 തെസ്സലൊനിക്യർ 3 ൽ, പ്രത്യേകമായ ഒരു പ്രശ്നം പൗലൊസ് പറയുന്നു. ക്രിസ്തുവിന്റെ രണ്ടാം വരവിനെ കുറിച്ചുള്ള പൗലൊസിന്റെ ഉപദേശത്തെ തെസ്സലൊനിക്യയിലെ ചിലർ തെറ്റിദ്ധരിച്ചിരിക്കുന്നു (2 തെസ്സ. 2:1–5). അവർ തങ്ങളുടെ ജോലിയെല്ലാം ഉപേക്ഷിച്ച് മറ്റുള്ളവരെ ആശ്രയിച്ചു ജീവിക്കുവാൻ തുടങ്ങി (വാ. 8). വാക്യം 11 ൽ പൗലൊസ് പറഞ്ഞു, "നിങ്ങളിൽ ചിൽ ഒട്ടും വേല ചെയ്യാതെ, പരക്കാര്യം നോക്കിക്രമം കെട്ടു നടക്കുന്നു" ആർഎസ്വി പറയുന്നത് "അലസമായി ജീവിക്കുന്നു" ।എന്നാണ്. ഭൗതികമായി മറ്റുള്ളവരെ ഭാരപ്പെടുത്തരുത് എന്ന് ഇങ്ങനെയുള്ളവരെ പ്രബോധിപ്പിക്കണം എന്നാണ് പൗലൊസ് പറഞ്ഞത് (വാ. 15). കുട്ടികൾ അലസരായിരിക്കരുത് എന്ന് മാതാപിതാക്കൾ അവരെ പഠിപ്പിക്കണം. സഭയിലെ അംഗങ്ങൾ ഉണർന്നു പ്രവർത്തിക്കുവാൻ അദ്ധ്യക്ഷന്മാർ ഉപദേശിക്കണം. പൗരന്റെ സ്വന്ത ആവശ്യങ്ങൾക്ക് സ്വയമായി പണം കണ്ടെത്തണമെന്ന് ഗവൺമെന്റ് പ്രജകളോട് പറയണം.

*"ക്രമം കെട്ട ജീവിതം" അപ്പൊസ്തൊലിക ഉപദേശത്തിന്റെ ലംഘനമാണ്.* പൗലൊസ് തെസ്സലൊനിക്യയിലായിരുന്നപ്പോൾ, അവൻ വ്യക്തിപരമായി അവർക്ക് ഉദേശങ്ങളും, പ്രബോധനങ്ങളും നൽകിയിരുന്നു (വാ. 6). അവൻ വാമൊഴിയായി നൽകിയ പ്രമാണത്തെയാണ് അവർ ലംഘിച്ചത് ആണ് ഇവിടെ പറയുന്ന ക്രമം കെട്ട ജീവിതം.

അലസത അല്ലെങ്കിൽ ക്രമം കെട്ട ജീവിതത്തിനെതിരായി .വാമൊഴിയായി പല തവണ പൗലൊസ് അവരെ ഉപദേശിച്ചിരുന്നു. വാക്യം 6 ൽ, [അവനിൽ] നിന്നും [അവർക്ക്] ലഭിച്ച കൽപനകളെ അനുസരിക്കാതെ ക്രമം കെട്ടു ജീവിക്കുന്ന സഹോദരന്മാരിൽനിന്നു അകന്നുകൊള്ളേണം എന്ന് പൗലൊസ് തെസ്സലൊനിക്യയിലുള്ളവരോട് ആജ്ഞാനപിച്ചു. വാക്യം 10 ൽ അവൻ പറഞ്ഞു, "ഞങ്ങൾ നിങ്ങളോടുകൂടെ ഇരുന്നപ്പോൾ ഞങ്ങൾ നിങ്ങളോട് ആജ്ഞാപിച്ചിരുന്നുല്ലൊ" എന്നാണ് അപ്പൊസ്തലൻ വ്യക്തമാക്കിയത്: വേല ചെയ്യാൻ മനസില്ലാത്തവൻ തിന്നുകയുമരുത്. 1 തെസ്സലൊനിക്യർ 4:11 ൽ, പൗലൊസ്

സഭയെ ഓർമ്മിപ്പിച്ചത്, "അടങ്ങി പാർപ്പാനും [സ്വന്തകാര്യം] നോക്കുവാനും, [സ്വന്തകൈകൊണ്ട്] വേല ചെയ്യുവാനും അഭിമാനം തോന്നേണം" എന്നാണ്. ഇതേ നിർദ്ദേശം പൗലൊസ് 2 തെസ്സലൊനിക്യർ 3:12 ൽ ആവർത്തിച്ച് നൽകിയിരിക്കുന്നു, "ഇങ്ങനെയുള്ളവരോട് സാവധാനത്തോടു വെല ചെയ്തു അഹോവൃത്തി കഴിക്കേണം എന്നു കർത്താവായ യേശുവിൽ ഞങ്ങൾ ആജ്ഞാപിച്ചു പ്രബോധിപ്പിക്കുന്നു."

താൻ നേരിട്ടു നൽകിയ കൽപനകൾ അനുസരിക്കുവാൻ ഉൽസാഹം കാണിക്കുന്നതുപോലെ, അവന്റെ മാതൃകയും അനുകരിപ്പാൻ പൗലൊസ് പറഞ്ഞു (വാ. 7-9; 1 കൊ. 11:1 താരതമ്യം ചെയ്യുക). ഒരു തയ്യൽക്കാരി ഡ്രസ് തയ്ക്കുന്നതിന് മുൻപ് ഒരു മൊഡൽ നോക്കിയാണ് തയ്ക്കുന്നത്. തെസ്സലൊനിക്യരോട് പൗലൊസ് അവരുടെ ജീവിതത്തെ തന്റെ മാതൃകയുമായി ഒത്തുനോക്കുവാൻ ആവശ്യപ്പെടുകയാണ്. പൗലൊ1സ് എങ്ങനെയാണ് അവർക്കിടയിൽ ജീവിച്ചത്? "ആർക്കും ഭാരമാകരുത്" എന്നു കരുതി (വാ. 8) "രാവും പകലും" അവൻ വേല ചെയ്ത് ജീവിച്ചു. സഭയോട് സാമ്പത്തിക സഹായം ആവശ്യപ്പെടുവാൻ "അവകാശം" ഉണ്ടായിരുന്നിട്ടും (1 കൊ. 9:1-14), താൻ സഭയ്ക്ക് ഒരു "മാച്യകയാകുവാൻ" ആ അവകാശം അവൻ ഉപേക്ഷിച്ചു. (വാ. 9). സ്വന്ത ചെലവിൽ ജീവിച്ച് അവർക്കിടയിൽ ആത്മിയ പ്രവർത്തനം നടത്തുവാനായി, അവൻ കഠിനാദ്ധ്വാനം ചെയ്തു. പൗലൊസിന്റെ ഉപദേശത്തെയും മാതൃകയെയും ക്രമം കെട്ട ജീവിതം നയിച്ചവർ അവഗണിച്ചു. പൗലൊസിനേയും അവനെ അയച്ചവനെയും അവർ ബഹുമാനിക്കാതിരുന്നു.

*ക്രമം കെട്ട് ജീവിക്കുന്നവരോടുള്ള ദൈവത്തിന്റെ കൽപനകൾ.* "ക്രമം കെട്ടു നടക്കുന്നവരോട്" പൗലൊസ് ആജ്ഞാപിച്ചു, "സാവധാനത്തോട് വേല ചെയ്തു അഹോവൃത്തി കഴിക്കേണം" (വാ. 12). അവർ വേല ചെയ്യാതിരിക്കുന്നതും പരക്കാര്യത്തിൽ ഇടപെടുന്നതും നിർത്തി വേല ചെയ്യുവാൻ തുടങ്ങണം. അവരുടെ ജീവിതത്തിൽ ക്രിസ്തീയ തത്വങ്ങൾ പാലിച്ച് തങ്ങളുടെ സ്വന്ത ഉത്തരവാദിത്തം നിർവ്വഹിക്കണം.

വിശ്വസ്തരോട് പൗലൊസ് പറഞ്ഞു, "നിങ്ങളോ സഹോദരന്മാരേ, നന്മ ചെയ്യുന്നതിൽ തളർന്നു പോകരുത്. ആ ലേഖനത്തിലുള്ള ഞങ്ങളുടെ വാക്ക് അനുസരിക്കാത്തവൻ നാണിക്കേണ്ടതിന്ന് അവനോടുള്ള സംസർഗം വിട്ട് അവനെ വേറുതിരിപ്പിൻ" (വാ. 13, 14). ഇടവകയിലെ എല്ലാ അംഗങ്ങളോടുമായിരുന്നു ഈ നിർദ്ദേശം. അവരോട്, "തളർന്നു പോകാതെ" മോശമായ പെരുമാറ്റത്തെ കണ്ടില്ലെന്നു നടിക്കാതെ, "പ്രത്യേകം ശ്രദ്ധിക്കണം." അങ്ങനെ ക്രമം കെട്ടു ജീവിക്കുന്നവരെ സഭ ശരിയായി കൈകാര്യം ചെയ്യണം.

ഇന്ന്, ഒരാൾ ആരെയെങ്കിലും തിരുത്തുവാനോ, ശാസിക്കുവാനോ അച്ചടക്കം നടത്തുവാനോ ശ്രമിക്കുന്നത് ആചാരവിരുദ്ധമായി കാണുന്നവരുണ്ട്. ഒരു സഹോദരനോ സഹോദരിക്കോ അത് ആവശ്യമായി വരുമ്പോൾ, ചെയ്യുക തന്നെ വേണം എന്നു ബൈബിൾ നമ്മെ പഠിപ്പിക്കുന്നു. തെറ്റിപ്പോകുന്നവരുടെ നന്മക്കു വേണ്ടിയാണ് തിരുത്തൽ എന്നോർക്കുക, അല്ലാതെ അത് നടപ്പാക്കുന്നവരുടെ ഗുണത്തിനല്ല.

ഒരു സഹ ക്രിസ്ത്യാനികയെ ഒരാൾ ശാസിക്കേണ്ടത്, സ്നേഹത്തോടും ദയയോടും കൂടെയാണെന്ന് പുതിയ നിയമം നമ്മെ പഠിപ്പിക്കുന്നു. രണ്ട് തെസ്സലൊനിക്യർ 3:15 പറയുന്നു, "എങ്കിലും അവനെ ശത്രു എന്നു വിചാരിക്കാതെ, സഹോദരൻ എന്നു വെച്ച് ബുദ്ധിയുപദേശിക്കയത്രേ വേണ്ടത്." ക്രമം കെട്ട

സഹോദരനെ ആദ്യം രഹസ്യമായി കുറ്റം ബോധ്യപ്പെടുത്തിയിട്ട് അവൻ അതു കൂട്ടാക്കാതെയിരുന്നാൽ, പിന്നെ രണ്ടോ മൂന്നോ സാക്ഷികളുമായി അവനെ തെറ്റിന്റെ ഗൗരവം ബോധ്യപ്പെടുത്തുക. ഇത്രയും ചെയ്തിട്ടും അവൻ മാനസാന്തരപ്പെടാതെയിരുന്നാലാണ് അത് സഭയെ അറിയിക്കേണത് എന്ന് മത്തായി 18 ൽ യേശു നമ്മെ പഠിപ്പിക്കുന്നു. ഗലാത്യർ 6:1 ൽ, ഒരു സഹോദരൻ വല്ല തെറ്റിലും അകപ്പെട്ടാൽ, അവനെ "സൗമ്യതയുടെ ആത്മാവിൽ" യഥാസ്ഥാനപ്പെടുത്തുവാനാണ് പറഞ്ഞിരിക്കുന്നത്.

ആ വ്യക്തി മാറുവാൻ തയ്യാറായില്ലെങ്കിലോ? പിന്നെ പൗലൊസ് പറഞ്ഞു, "അവനോട് സംസർഗം അരുത്" (വാ. 14). അതിൽ പരസ്യമായ പ്രഖ്യാപനും ഉൾപ്പെടുന്നു (1 കൊ. 5:4, 5). അതിനർത്ഥം കൂടുതൽ പ്രബോധനത്തിനല്ലാതെ, അയാളുമായി ബന്ധപ്പെടരുത്.

എന്തുകൊണ്ട് അത്തരം കടുത്ത നടപടികൾ? ഒന്നാമത്തെ ഉദ്ദേശം, "ക്രമം കെട്ടവരെ" രക്ഷിക്കുക എന്നതാണ്, അങ്ങനെ കർത്താവായ യേശുക്രിസ്തുവിന്റെ പ്രത്യക്ഷതയിൽ അവരുടെ ആത്മാക്കൾ രക്ഷിക്കപ്പെടുവാനിടയാകും" (1 കൊ. 5:5). ഒരി വ്യക്തി അനുസരിക്കാതിരിക്കുമ്പോൾ, അച്ചടക്കത്തിന് വിധേയനാക്കുകയും, അപ്പോൾ, താൻ മുൻപ് അനുഭവിച്ച കൂട്ടായ്മ ലഭിക്കാതിരിക്കുമ്പോൾ, അയാൾ സാധാരണ മനസ് പുതുക്കി രൂപാന്തരപ്പെടുവാനാണ് സാധ്യത. അതിന്റെ രണ്ടാമത്തെ ഉദ്ദേശം സഭയെ നിർമ്മലമാക്കി നിലനിർത്തുക എന്നതാണ്. പൗലൊസ് എഴുതി, "അൽപം പുളിമാവ് പിണ്ഡത്തെ മുഴുവനും പുളിപ്പിക്കും എന്നു നിങ്ങൾ അറിയുന്നില്ലയോ?" (1 കൊ. 5:6). ഒരു ചെറിയ പാപമാണെങ്കിലും, ശാസിക്കാതെയോ, തിരുത്താതെയോ വിട്ടുകളഞ്ഞാൽ അത് ആ ഇടവകയെ മുഴുവൻ വഷളാക്കും.

കൂട്ടായ്മയിൽനിന്നും പുറത്താക്കുന്നതിനോട് ചിലർ വിയോജിപ്പ് പ്രകടിപ്പിച്ചാലോ? ഈ കൽപനയെ നിഷേധിക്കുന്നത് യേശുവിനെയും അപ്പൊസ്തലന്മാരെയും നിഷേധിക്കുന്നതിന് തുല്യമാണ്. യേശുവിന്റെ അധികാരത്തോടുകൂടി പൗലൊസ് എഴുതി, "ഇപ്പോൾ സഹോദരന്മാരേ, ഞങ്ങൾ നമ്മുടെ *കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ* ആജ്ഞാപിക്കുന്നു" (വാ. 6; എംഫസിസ് ആഡഡ്). കൂട്ടായ്മ ഒഴിവാക്കൽ പരിശീലിക്കുന്നത് ചുരുക്കം ചില ഇടവകകളാണ്, എന്നാൽ തിരുവെഴുത്ത് വളരെ വ്യക്തമാണ്. അച്ചടക്കം അനിവാര്യമായി തിരുവെഴുത്ത് ബോധ്യപ്പെടുത്തുമ്പോൾ, അനുസരണമുള്ള സഭ യഥാസ്ഥാനപ്പെടേണ്ട സഹോദരൻ നിമിത്തവും കർത്താവിന്റെ ശരീരം നിമിത്തവും അച്ചടക്കം വരുത്തും.

കോരഹിനേയും, ദാഥാനെയും, അബീരാമിനേയും ദൈവം സ്നേഹിച്ചിരുന്നില്ല എന്നു കരുതുന്നുവോ? തീർച്ചയായും, ദൈവം അവരെ സ്നേഹിച്ചിരുന്നു. എന്നാൽ ദൈവം അവരെ നശിപ്പിക്കുവാനുള്ള കാരണം, അവരുടെ മൽസരം പകരുന്നതാണ്. അച്ചടക്കം പാപിക്കും സഭയ്ക്കും നല്ലതാണ്. നമ്മളെല്ലാവരും നഷ്ടപ്പെടുന്നതിനേക്കാൾ ഏതാനും പേർ നഷ്ടപ്പെടുന്നതാണ് നല്ലതെന്ന് ദൈവം കരുതുന്നു. ദൈവത്തെ ഗൗരവമായി കണ്ട് അവന്റെ കൽപനകൾ അനുസരിക്കണമെന്നാണ് ദൈവം ആഗ്രഹിക്കുന്നത്! ഈഈ

### വേർപിരിയുന്ന ഒരു പ്രബോധനം (3:13-15)

അവസാന വാക്കുകൾ. അവ നമ്മിൽ ദീർഘകാലം അതിലെ പ്രധാന ചിന്തകൾ സാധാരണ നൽകുവാൻ കഴിയുന്ന വിധത്തിൽ നിലനിൽക്കും.

പൗലൊസിന് തെസ്സലൊനിക്യയിലെ ക്രിസ്ത്യാനികൾക്കു നൽകുവാനുണ്ടായിരുന്ന പ്രധാനപ്പെട്ട അവസാന വാക്കുകൾ എന്തെല്ലാമായിരുന്നു?

*"നന്മ ചെയ്കയിൽ തളർന്നു പോകരുത്."* "തളർന്നു പോകരുത്" എന്നാൽ "ഹൃദയം കലങ്ങരുത്" എന്നർത്ഥം. "നന്മ ചെയ്യുക" എന്നാൽ "ഉത്തമ കാര്യങ്ങൾ ചെയ്യുക" കർത്താവ് വരുന്നത് താമസിച്ചാലും, മറ്റുള്ളവർ ക്രമം കെട്ടു നടന്നാലും, നാം തുടർന്നും ഉത്തമമായ നിലവാരം പുലർത്തി ജീവിക്കണം.

*"അനുസരിക്കാതിരിക്കരുത്."* പരിശുദ്ധാത്മാവിനാൽ ശ്വാസിയമായിട്ടായിരുന്നു പൗലൊസ് തന്റെ ലേഖനം എഴുതിയത്, അവർ അങ്ങനെ തന്നെ അവ അനുസരിക്കണമായിരുന്നു. അതിനാൽ അവൻ പറഞ്ഞു, "ഞാൻ നിങ്ങളോട് കൽപിച്ചത് ചെയ്യുന്നു എന്നു ഉറപ്പു വരുത്തുക."

*"പ്രയാസമുള്ള സ്നേഹത്തോടുകൂടെ അന്യോന്യം സ്നേഹിക്കുക."* നിയമ ലംഘികളായ സഹോദരങ്ങൾ തന്റെ കൽപനകളോട് എങ്ങനെ പ്രതികരിക്കുമെന്നത് പൗലൊസിന്റെ പ്രകടനങ്ങളില് ദൃശ്യമായിരുന്നു. മൂന്നു വിധത്തിലുള്ളതായിരുന്നു പൗലൊസിന്റെ നിർദ്ദേശങ്ങൾ. (1) അനുസരിക്കാതിരിക്കുന്നവരെ വേർതിരിക്കണമായിരുന്നു (വാ. 14). അതായത്, ഒന്നിനെ പ്രത്യേകമായി മാറ്റി നിർത്തുക. സഭ അയാളെ അംഗീകരിക്കാത്ത വിധത്തിൽ വേർതിരിക്കണം. (2) ആ കൽപനകളെ അനുസരിക്കാതിരിക്കുന്നവരോട്, വിശ്വാസികൾ സംസർഗം പുലർത്തരുത്, അല്ലെങ്കിൽ [അവരോട്] "ബന്ധം പുലർത്തരുത്." (വാ. 14). ഗ്രീക്കിൽ ആ പ്രയോഗം അക്ഷരികമായി പറയുന്നത് "അവനോട് ചേരരുത്" എന്നാണ്. (3) പാപം ചെയ്ത സഹോദരനെ പ്രബോധിപ്പിക്കണം. അർത്ഥം, "സത്യമാർഗത്തിലേക്ക് അവന്റെ മനസിനെ മാറ്റുക." ആ മൂന്നു നിർദ്ദേശങ്ങളും ചേർത്താൽ, നമുക്ക് നിലനിൽക്കുന്ന സ്നേഹം പ്രകടിപ്പിക്കുവാനും കഴിയും.

ക്രിസ്തുവിനു വേണ്ടി ജീവിക്കുന്നതിൽ പൗലൊസിന്റെ പദ്ധതി എന്തായിരുന്നു? ദൈവ വചനം ലംഘിക്കാതിരിക്കുക, തെറ്റിപ്പോയവരെ തിരുത്തുന്ന സ്നേഹത്തോടുകൂടെ അന്യോന്യം സ്നേഹിക്കുക, ജീവിതത്തിൽ നന്മ ചെയ്യുന്നതിൽ തളർന്നുപോകാതിരിക്കുക. ഈസി

**ഒരു ആശിർവാദം (3:16, 17)**

സഭായോഗത്തിന്റെ അവസാന വാക്കായി ഉപയോഗിക്കുന്നതാണ് ആശിർവാദം. തന്റെ വായനക്കാരോട് പൗലൊസ് അവസാനമായി പറഞ്ഞ് ആ വാക്കുകളാല് ഉപസംഹരിക്കുകയാണ്.

ഈ സമയം വരെ പൗലൊസിനു വേണ്ടി ഒരു ശാസ്ത്രിയാണ് എഴുതിയിരുന്നത്. ഇപ്പോൾ, അവൻ തന്നെ പേന എടുത്ത് ഉപസംഹാരം എഴുതുകയാണ്. അന്റെ എല്ലാ ലേഖനത്തിലും ഇതാണ് അടയാളം എന്നു പറഞ്ഞ് അവൻ അവസാനം ഒപ്പു വെച്ചു.

*"സമാധാനം നിങ്ങളെല്ലാവരോടുംകൂടെ ഇരിക്കുമാറാകട്ടെ."* സമാധാനം അവരിൽ തുടർച്ചയായി ("എപ്പോഴും") ഉണ്ടാകുവാനാണ് അവൻ പ്രാർത്ഥിച്ചത്, അത് സാഹചര്യങ്ങൾക്കനുസരിച്ച് മാറാതിരിക്കണം ("സകല വിധത്തിലും"), കർത്താവ് അവരുടെ ഉള്ളിൽ ഉണ്ടായിരുന്നതിനാൽ ആ സമാധാനം അവരിൽ ഉണ്ടെന്നു അവന്റെ പ്രാർത്ഥനയിൽ സൂചിപ്പിച്ചു ("കർത്താവ് നിങ്ങളെല്ലാവരോടും കൂടെ ഇരിക്കുമാറാകട്ടെ").

*"അവന്റെ കൃപ നിങ്ങളോടുകൂടെ ഇരിക്കട്ടെ."* .കർത്താവിന്റെ കൃപയിൽ

പാപമോചനവും രക്ഷയുമാണ് അടങ്ങിയിരിക്കുന്നത്.

*"കർത്താവ് നിങ്ങളോടുകൂടെ ഇരിക്കട്ടെ."* കർത്താവിന്റെ സാന്നിധ്യം എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്, അവന്റെ സംരക്ഷണവും, കൂട്ടായ്മയും, ലക്ഷ്യവുമാണ്. നാം അവന്റെ ഇഷ്ടം ചെയ്ത് അവന്റെ ലക്ഷ്യം നിറവേറ്റുകയാണ്.

ആ അവസ്ഥയിലെത്തുവാൻ ആത്മീയ നിറവും സമൃദ്ധമായ അനുഗ്രഹവും അവനിൽനിന്നു നമുക്ക് ലഭിക്കണം. കൃപ നമ്മുടെ പാപങ്ങളെ മറച്ച് ദൈവവുമായി ശരിയായ ബന്ധത്തിലെത്തിക്കുന്നു. നമ്മിൽ ഓരോ ദിവസവും ലക്ഷ്യപൂർണ്ണമാക്കുന്നത് യേശുവിന്റെ സാന്നിധ്യമാണ്. തന്റെ വായനക്കാർക്ക് ഏറ്റവും നല്ലതും ഉത്തമമായതും ലഭിക്കണമെന്നാണ് പൗലൊസ് ആഗ്രഹിച്ചത്. ഈസി

**ശരിയായ സമാധാനം (3:16, 17)**

പൗലൊസ് സമാധാനത്തെ കുറിച്ച് സംസാരിച്ചപ്പോൾ, മനസിന്റേയും ആത്മാവിന്റേയും ശാന്തതയാണ് അവൻ ഉദ്ദേശിച്ചത്. ആ വ്യക്തി ദൈവത്തിൽ ആശ്രയിക്കുന്നതിനാലും, അയാൾ അവനിൽ ചാരുന്നതിനാലും ലഭിക്കുന്ന ശാന്തതയാണ് ദൈവിക സമാധാനം. ആധികാരിക സമാധാനത്തിന് വിവിധ വശങ്ങളാണുള്ളത്.

*ഒരു ദൈവിക സ്വഭാവം.* കർത്താവിന് മാത്രം നൽകുവാൻ കഴിയുന്ന സമാധാനമാണ് അത്. കർത്താവ് നമ്മോട് ക്ഷമിക്കയും നമുക്ക് മറ്റുള്ളവരോട് ക്ഷമിക്കുവാൻ നമ്മെ പ്രചോദിപ്പിക്കയും ചെയ്യുന്നു.

*തുടർച്ചയായ ഒരു ഗുണം..* പല തരത്തിലുള്ള ദിവസങ്ങളാണ് നാം അഭിമുഖീകരിക്കുന്നത്-സന്തോഷമുള്ള ദിവസങ്ങൾ-ദുഃഖമുള്ള ദിവസങ്ങൾ, ശരാശരി ദിവസങ്ങൾ. ഈ സമാധാനം എല്ലാ ദിവസങ്ങളിലേക്കുമുള്ളതാണ്, ഏതു സാഹചര്യത്തിലായാലും.

*"കാര്യമാക്കാത്ത" ഒരു സാന്നിധ്യം.* പല വിധത്തിലുള്ള സാഹചര്യങ്ങളിൽ കൂടെയാണ് നാം കടന്നു പോകുന്നത്. ആ സാഹചര്യങ്ങളിൽ ചിലത് അക്രമവുമായിരിക്കാം. നമ്മുടെ പരിതസ്ഥതികൾ എങ്ങനെയുള്ളതായാലും, കർത്താവിന്റെ സമാധാനം അപ്പോഴും നമ്മിലുണ്ടാകും.

മിക്ക അവസരങ്ങളിലും, ലോകത്തിൽ ഈ സമാധാനം ഒഴിച്ചു മറ്റെല്ലാം ഉണ്ടായിരിക്കും. പണം കൊണ്ടു വാങ്ങാവുന്നതും, സ്നേഹിതന്മാർക്കു നൽകാവുന്നതും, കുടുംബത്തിന് തരാവുന്നതും, എല്ലാം കാണും, പക്ഷെ ദൈവിക സമാധാനം മാത്രം കാണുകയില്ല. സമാധാനത്തിനായുള്ള ഇഛ നമ്മുടെ ഉള്ളിൽനിന്നു വരുന്നതാണ്; ആർക്കും അത് കാണുവാൻ കഴിയുകയില്ല, പക്ഷെ നമുക്ക് അത് അനുഭവപ്പെടും. കർത്താവ് അത് എങ്ങനെ തരുമെന്ന് നമുക്ക് കാണുവാൻ കഴിയുകയില്ലെങ്കിലും, ഏറ്റവും ആഴത്തിൽ, നമുക്ക് ലഭിക്കാവുന്നതിൽ വെച്ച് ഏറ്റുവം വലിയ ദാനമാണ് അത്.

അവന്റെ കൃപയും സാന്നിധ്യവും നമുക്ക് നൽകുന്നതുപോലെ അവൻ സമാധാനവും നമുക്ക് നൽകട്ടെ. ഈസി

**ദൈവത്തിനായുള്ള വേലക്കാർ (3:6-18)**

വേല മിക്ക ആളുകൾക്കും അനിവാര്യമാണ്. ദിവസവുമുള്ള നമ്മുടെ ആവശ്യങ്ങൾക്ക് നാം ജോലി ചെയ്യണം. ക്രിസ്ത്യാനികളെ "സൽപ്രവൃത്തിക്കാർ,," "ദാസന്മാർ," "ഭൃത്യന്മാർ," "സേവകന്മാർ," "അദ്ധ്വാനിക്കുന്നവർ,"

“വേലക്കാർ” എന്നിങ്ങനെ പുതിയ നിയമത്തിൽ വിളിച്ചിരിക്കുന്നനു. നാം ക്രിസ്തു മുഖാന്തരം ദൈവത്തിനു വേണ്ടി വേല ചെയ്യുന്നതിനാണ്, പുതിയ നിയമോപദേശത്തിൽ ഊന്നൽ കൊടുത്തിരിക്കുന്നത്. തെസ്സലൊനിക്യർക്കുള്ള സന്ദേശത്തിൽനിന്ന് നമുക്ക് ചെയ്യുവാനുള്ള എന്തു വേലയാണ് ലഭിക്കുന്നത്? അവനു വേണ്ടി വേലക്കാരാകുവാൻ സഹായകരമായി നാം എന്ത് അറിയുവാനാണ് അവന ആഗ്രഹിക്കുന്നനത്?

*വേല ദൈവത്തിന്റെ പ്രവൃത്തിയാണ് (3:6–9).* അവരുടെ ജീവിതത്തിന്റെ ബാഗമായി തെസ്സലൊനിക്യയിലെ പുതിയ ക്രിസ്ത്യാനികൾ ദൈവ വെലയെ സ്വീകരിക്കണമായിരുന്നു. .ദിവസവും അവരുടെ ഉപജീവനത്തിനായി പ്രവർത്തിക്കുന്നതോടൊപ്പം, സ്വർഗത്തിലെ അവരുടെ പുതിയ യജമാനനെ സേവിക്കുന്നതും അവർ കടമയായി തിരഞ്ഞെടുക്കണം.

ആദ്യം അവർ ഉപദേശത്തിൽകൂടെ വേല ചെയ്യുന്നതിന്റെ പ്രാധാന്യം മനസിലാക്കി. പൗലൊസ് അവരോട് പറഞ്ഞു, “... സ്വന്തകാര്യം നോക്കുവാനും, സ്വന്ത കൈകൊണ് വേല ചെയ്‌വാനും അഭിമാനം തോന്നേണം.” (1 തെസ്സ. 4:11). ദൈവാലയത്തിലോ, അല്ലെങ്കിൽ ഒഴിവുദിവസങ്ങളിലോ അല്ല, എല്ലാ ദിവസവും നാം ദൈവത്തെ സേവിക്കണം.

ദൈവത്തിനായി വേല ചെയ്യുവാൻ കൽപിച്ചിരിക്കുകയാണ്, എന്നാൽ ദൈവ ഭവനത്തിൽ, കർത്താവിന്റെ കീഴിൽ വേല ചെയ്യുന്നത് ആദരണിയമായ ഒരു സേവനമാണ്. നമ്മെ പൂർണ്ണമായി മനസിലാക്കുവാനും, സ്നേഹിപ്പാനും കഴിയുന്ന യജമാനനെയാണ് നാം സേവിക്കുന്നത്. വേല അത്യാവശ്യമാണ്, അതേ സമയം അത് ഒരു ദൈവത്താൽ-നൽകപ്പെടുന്ന അനുഗ്രഹവുമാണ്.

രണ്ടാമത്, തെസ്സലൊനിക്യർ തങ്ങളുടെ വേലയുടെ പ്രാധാന്യം മാതൃകയിൽ കൂടെ മനസിലാക്കി (3:7–9). ആ ഉപദേഷ്ടാക്കന്മാർ വാസ്തവത്തിൽ ഒരേസമയത്ത് രണ്ട് പ്രവൃത്തികളാണ് ചെയ്തുകൊണ്ടിരിക്കുന്നത് (1 തെസ്സ. 2:11) ഒന്ന് അവരുടെ സ്വന്തം ആവശ്യങ്ങൾക്കായി പ്രവർത്തിക്കുകയും, മറ്റൊന്ന്, ശമ്പളം കൂടാതെ “പ്രബോധനവും പ്രചോദനവും നൽകി” പുതിയ ക്രിസ്ത്യാനികളുടെ ആത്മിക വർദ്ധനക്കായി പ്രവർത്തിക്കണമായിരുന്നു. ക്രിസ്ത്യാനികൾ തങ്ങളുടെ ദൈനന്തിന ജോലികൾ ചെയ്യുന്നതോടൊപ്പം ദൈവ വേലയും ചെയ്യണം!

*ചില ആളുകൾ ജോലി ചെയ്യുകയില്ല (3:10–12).* ജോലിയോട് എല്ലാവർക്കും നല്ല മനോഭാവം അല്ല ഉള്ളത്. ചില ആളുകൾ അത് “ദുഷ്ടയായി” കാണുന്നു. വേറെ ചിലർ അത് ഒഴിവാക്കുന്നു. വേറെ ചിലർ അലസരായി മറ്റുള്ളവരുടെ ചെലവിൽ ജീവിക്കുന്നത് അഭിമാനമായി കാണുന്നു. ജോലി ചെയ്യാതിരിക്കുന്നതോ, അലസതയോ ഇന്ന് വലിയ പ്രശ്നമല്ല, പക്ഷെ ഒന്നാം നൂറ്റാണിൽ തെസ്സലൊനിക്യയിൽ ഒരു പ്രശ്നം തന്നെയായിരുന്നു. വേല ചെയ്യാത്തവരെ കുറിച്ച് 2 തെസ്സലൊനിക്യ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത് “അച്ചടക്കമില്ലാത്തവർ,” “ക്രമം കെട്ടവർ” എന്നാണ്. (3:6, 7, 11). അവർ അലസരും, മോശമായ മാതൃക കാണിച്ചുകൊടുക്കുകയുമായിരുന്നു. തിരുവെഴ്ത്തിന്റെ അടിസ്ഥാനത്തിൽ അലസത പാപം ആണ്.

എങ്ങനെയായാലും, അത് പ്രശ്നത്തേക്കാളുപരി ആയിരുന്നു. അവർ സഭയ്ക്ക് മോശമായ മാതൃകയായി എന്നു മാത്രമല്ല, അവർ പരക്കാര്യങ്ങളിൽ ഇടപെടുകയും ചെയ്തു. സ്വന്തകാര്യം നോക്കി, സ്വന്തകൈകൊണ്ട് വേല ചെയ്യുവാനായിരുന്നു പുതിയ. ക്രിസ്ത്യാനികളോട് ആജ്ഞാപിച്ചത്

(1 തെസ്സ. 4:11). എന്നാൽ ആ പുതിയ ക്രിസ്ത്യാനികൾ പരക്കാര്യത്തിലായിരുന്നു ഇടപെട്ടിരുന്നത്. അക്ഷരാർത്ഥത്തിൽ അവർ "അവരുടെ ജോലി ചെയ്യാതെ ചുറ്റുപാടുമുള്ള ജോലികളായിരുന്നു ചെയ്തത്." മറ്റുള്ളവരുടെ കാര്യം അവർ തങ്ങളുടെ കാര്യമാക്കി' മറ്റുള്ളവർ ചെയ്യുന്ന നല്ല പ്രവൃത്തികളിൽ അവർ ഇടങ്കോലിട്ടുകൊണ്ടിരുന്നു.

അതുപോലെ, ഇന്നും സ്വന്തം കാര്യം നോക്കാത്തവർ പരക്കാര്യത്തിൽ ഇടപെട്ട് തിരക്കുള്ളവരായി തീർന്നേക്കാം. അലസത പോലുള്ള ഒരു പാപമാണ് അത്.

നമ്മുടെ ജോലി ദൈവത്തിന്റേതാകണം!പൗലൊസ്, ക്രിസ്ത്യാനികൾ ആയ ദാസന്മാരോട് പറഞ്ഞു, "നിങ്ങൾ ചെയ്യുന്നത് ഒക്കയും, മനുഷ്യർക്കെന്നല്ല, കർത്താവിന്ന് എന്ന പോലെ മനസോടെ യേയുവിൻ" (കൊലൊ. 3:23).

*വേല ചെയ്യാത്തവരെ വേറുതിരിക്കണം (3:13-15).* സഭയിൽ ചില അംഗങ്ങൾ ജോലി ചെയ്തില്ലെങ്കിൽ സഭ എന്തു ചെയ്യും? ബൈബിളിൽ ഉത്തരം വളരെ ലളിതമാണ്: "വേല ചെയ്യുവാൻ മനസില്ലാത്തവൻ തിന്നുകയുമരുത്" (3:10). നാം മടിയന്മാരെ പോറ്റുന്നവരാകരുത്; അവരോട് "സംസർഗം പുലർത്താതെ "അകറ്റി നിർത്തുക" (3:6, 14)! നാം അവരോട് സൗഹൃദം പുലർത്തരുത്! നമ്മുടെ ആഹാരം അവർക്ക് നൽകുകയോ, നമ്മുടെ കൂട്ടായ്മയിൽ പങ്കെടുപ്പിക്കുകയോ ചെയ്യരുത്! ഈ വിഷയത്തെ കുറിച്ച് ദൈവത്തിന്റെ സന്ദേശം ഇതാണ്.

ഈ വിധത്തിൽ അലസരായവരോട് പെരുമാറുന്നത് ഒരുപക്ഷെ കഠിനമെന്ന് തോന്നിയേക്കാം, പക്ഷെ ഇതിന്റെ ലക്ഷ്യം അവരെ പട്ടിണിക്കിടുക എന്നതല്ല. അവർ ദൈവത്തെ പോലെയോ, ദൈവജനത്തെ പോലെയോ അല്ല ചെയ്യുന്നത് എന്ന് അവർ മനസിലാക്കുകയും, അത്തരം ജീവിതം ദൈവഹിതമല്ല എന്നു തിരിച്ചറിയുകയും വേണം ഈ വിധത്തിലുള്ള അവരുടെ ജീവിതം, മറ്റു വിശ്വസ്ത സഹോദരങ്ങൾക്ക് സ്വീകാര്യമല്ല എന്ന് അവർ അറിയണം. അവരുടെ അലസത എത്രത്തോളം ലജ്ജാകരമാണെന്ന് അവർ തിരിച്ചറിയണം വിശ്വസ്തരായ സഹക്രിസ്ത്യാനികളുടെ മുന്നറിയിപ്പും, നല്ല മാതൃകയും അവരുടെ മനസു മാറ്റി സ്വന്തം കാര്യം നോക്കുവാനും, സ്വന്തകൈകൊണ്ട് വേല ചെയ്യുവാനും അവരെ പ്രേരിപ്പിക്കും.

ദൈവ ഭവനത്തിലാകുമ്പോൾ, അവന്റെ അച്ചടക്കവും നാം പങ്കിടണം. ഈ അച്ചടക്കം അലസരായ സഹോദരങ്ങൾ സ്വീകരിച്ചില്ലെങ്കിൽ, അവർക്ക് ദൈവാനുഗ്രഹം ലഭിക്കുകയില്ല. നമ്മുടെ തീരുമാനങ്ങൾ പ്രായോഗിമാണെന്ന് നമ്മുടെ പ്രവൃത്തികൾ തെളിയിക്കും' അപ്പോൾ, തെറ്റിപ്പോയവർ വേലയുടെ പ്രാധാന്യവും, ദൈവത്തിന്റെ അച്ചടക്കം നിഷേധിച്ചാലുള്ള അപകടവും കാണും. അലസരായവർ പരക്കാര്യത്തിൽ ഇടപെടാതെ മാനസാന്തരപ്പെട്ട്, സ്വന്ത കാര്യം നോക്കി വേല ചെയ്യുമോ ഇല്ലയോ എന്നത് അവരെ സംബന്ധിക്കുന്ന കാര്യമാണ്; പക്ഷെ അവർ ആ സ്വഭാവത്തിന്റെ അനന്തരപലം അനുഭവിക്കും. എന്ന കാര്യത്തിൽ സംശയമില്ല.

വേല ചെയ്യാത്ത സഹോദരങ്ങൾ തങ്ങളുടെ മനോഭാവം മാറ്റുവാന് അവർക്ക് നമ്മുടെ സഹായം ആവശ്യമാണ്. വേലയെ കുറിച്ച് ദൈവത്തിന്റെ ഹിതം എന്തെന്ന് അവരെ പഠിപ്പിച്ച്, നാം വേല ചെയ്യുന്ന മാതൃക അവർക്ക് കാണിച്ചുകൊടുത്തുകൊണ്ടും നമുക്ക് അവരെ സഹായിക്കുവാൻ കഴിയും, കൂടാതെ അഭക്തിയോടെ അവർ തങ്ങളുടെ കടമ നിർവ്വഹിക്കാതിരിക്കുന്ന

തിന്റെ അപകടം മുന്നറിയിക്കുകയും ചെയ്യാം.

*ഉപസംഹാരം.* ക്രിസ്ത്യാനികൾക്കുള്ള എല്ലാ വേലയയും ദൈവ വേല യാണ്. നാം ചെയ്യുന്ന എല്ലാറ്റിലും ദൈവമാണ് നമ്മുടെ മേലധികാരിയും, നായകനും, യജമാനനും, ഉടമസ്ഥനും. അത് ദൈവത്തിന്റെ വേലയാകയാൽ, ദൈവത്തിന് വേണി ചെയ്യുന്നതതാണ്, ആകയാൽ അത് പ്രത്യേകതയുള്ള തും, വിശുദ്ധവും ആണ്. അത് അതീവ പ്രാധാന്യമുള്ളതാണ്. പക്വതയുള്ള ക്രിസ്ത്യാനികളുടെ അടയാളമാണ് നന്മ ചെയ്യുന്നത്.

നമ്മുടെ ജോലിസ്ഥലത്തെ പ്രവൃത്തികൾ നന്നായി ചെയ്യുമ്പോൾ, നാം ജദൈ വത്തെ അനുസരിക്കുകയും, നല്ല മാതൃക കാണിച്ചുകൊടുക്കുകയും, അവരുടെ ആവശ്യങ്ങൾ നിറവേറ്റുവാനും, ദൈവത്തിന് ഫലം പുറപ്പെടുവിക്കുവാനും നാം അവരെ സഹായിക്കുകയാണ്. നമുക്ക് ഓരോ ദിവസവും, അവന്റെ ഹിതപ്രകാരം വേല ചെയ്തു നമ്മുടെ യജമാനനെ സേവിച്ച് അവനെ ആദരിക്കാം! ടിപി

കുറിപ്പുകൾ

[1]സി.എഫ്.ഹോഗ് ആന്റ് ഡബ്ലിയു.ഈ.വൈൻ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾദ അപ്പൊ സ്റ്റൽ ടു ദ തെസ്സലൊനിയൻസ്* (ഷ്രേവപ്പോർട്ട് ലാ.:ലാംബെർട്ട് പബ്ലിഷിങ്ങ് കമ്പനി., 1977), 282. [2]ഹെന്റി ആൽഫോർഡ്, *ദ ഗ്രീക്ക് ടെസ്റ്റമെന്റ്*, റെവ.എവെറെറ്റ് എഫ്. ഹാരിസൺ (ഷി ക്കാഗോ:മൂഡി പ്രസ്, 1958), 3:295. [3]ഐ.ഹോവാർഡ് മാർഷൽ *1 & 2 തെസ്സലൊനിയൻസ്*, ദ ന്യു സെൻ*ചറി* ബൈബിൾ കമെന്ററി, (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.:ഡബ്ലിയുഎം.ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1983), 215. [4]എ.ടി.റോബർട്സൺ, *ദ എപ്പിസ്റ്റിൽസ് ഓഫ് പോൾ*, വാല്യം. 4, *വേർഡ് പിക്ചേഴ്സ് ഇൻ ദ ന്യു ടെസ്റ്റമെന്റ്* (നാഷ്വ്ലേ: ബ്രോഡ്മാൻ പ്രസ്, 1931), 57. [5]ജോൺ സ്റ്റോട്ട്, *ദ ഗോസ്പെൽ ആന്റ് ദ എന്റ് ഓഫ് ടൈം* (ഡൗണേഴ്സ് ഗ്രോവ്, Ill.:ഇന്റർവാഴ്സിറ്റി, 1991), 191. [6]വാൾട്ടർ ബാവർ, *ഏ ഗ്രീക്ക് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ന്യുടെസ്റ്റമെന്റ് ആന്റ് അദർ ഏർലി ക്രിസ്ത്യൻ ലിറ്ററേച്ചർ*, 3ഡ് എഡ്., റെവ ആന്റ് എഡ്. ഫ്രെഡറിക് വില്യം ഡാങ്കർ (ഷിക്കാഗോ:യുണിവേഴ്സിറ്റി ഓഫ് ഷിക്കാഗോ പ്രസ്, 2000), 148. [7]റോബർട്സൺ, 58. [8]ഡേവിഡ് ജെ.വില്യംസ്, *1 ആന്റ് 2 തെസ്സലൊനിയൻസ്*, ന്യു ഇന്റർനാ ഷ്ണൽ ബിബിളിക്കൽ കമെന്ററി:ന്യുടെസ്റ്റമെന്റ് സീരീസ്, വാല്യം. 12 (പീബഡി, മാസ്സ്.: ഹെന്റി ക്സൺ പബ്ലിഷേഴ്സ്, 1992), 135–36. [9]റോബർട്സൺ, 58. [10]ലിയോൺ മോറിസ്, *ദ ഫസ്റ്റ് ആന്റ് സെക്കന്റ് എപ്പിസ്റ്റിൽസ് ടു ദ തെസ്സലൊനിയൻസ്*, ദ ന്യു ഇന്റർനാഷ്ണൽ കമെന്ററി ഓൺ ദ ന്യുടെസ്റ്റമെന്റ് (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ഡബ്ലിയുഎം. ബി. ഏർഡ്മാൻസ് പബ്ലിഷിങ്ങ് കമ്പനി., 1959), 253. "ബ്രെഡിനും" "ഭക്ഷണത്തിനു" മുള്ള ഫ എബ്രായ വാക്ക് ഒന്നു തന്നെ യാണ്: *(ലെഖെം)*. ഫ്രാൻസിസ് ബ്രൗൺ. എസ് ആർ. ഡ്രൈവർ, ആന്റ് ചാൾസ് ഏ. ബ്രിക്സ്, *ഏ ഹീബ്രൂ ആന്റ് ഇംഗ്ലീഷ് ലെക്സിക്കൻ ഓഫ് ദ ഓൾഡ് ടെസ്റ്റമെന്റ്* (ഓക്സ്ഫറോർഡ്: ക്ലാരെന്റൺ പ്രസ്, 1972), 536–37.

[11]ഹോഗ് ആന്റ് വൈൻ, 287. [12]ഇബിഡ് 288. [13]ജെ. ഡബ്ലിയു. മെക്ാർവേ ആന്റ് ഫിലിപ് വൈ. പെൻലെറ്റൺ, *തെസ്സലൊനിയൻസ്, കൊരിന്ത്യൻസ്, ഗലേഷ്യൻസ് ആന്റ് റോമൻസ്,* ദ സ്റ്റാൻഡേർഡ് ബൈബിൾ കമെന്ററി, (സിൻസിനാറ്റി, ഒഹയോ:സ്റ്റാൻഡേർഡ് പബ്ലിഷിങ്ങ് ഫൗണ്ടേഷൻ, 1916), 46. [14]മാർഷൽ, 225. [15]ഹോഗ് ആന്റ് വൈൻ, 290. [16]റോബർട്സൺ, 60. [17]നോക്കുക, മോറിസ്, 258. [18]മാർഷൽ, 228. [19]റേമണ്ട് സി. കെൽസി, *ദ ലെറ്റേഴ്സ് ഓഫ് പോൾ ടു ദ തെസ്സലൊനി*യൻസ്, ദ ലിവിങ്ങ് വേർഡ് കമെന്ററി, വാല്യം. 13 (ആസ്റ്റിൻ, ടെക്സ്:ആർ. ബി.സ്വീറ്റ് കമ്പനി., 1968), 180. [20]ബാവർ, 148.

[21]റോബർട്സൺ, 58.